# ദിവാസ്വപ്നം

വള്ളത്തോൾ

# ദിവാസ്വപ്നം

ഗ്രന്ഥകർത്താ:

**വള്ളത്തോൾ**

വില ഒന്നരഉറുപ്പിക.

1944 ജൂലായി.

എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിന്റെ സീലുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

*1st Edition July, 1944—2000 copies.*

PUBLISHERS:

**P. C. BROTHERS,**

CALICUT.

PRINTED AT

THE VIDYA VINODINI PRESS,

TRICHUR.

Digitized By Kerala Sahitya Akademi

# വിഷയവിവരം


| | | വൃത്തം. | എഴുതിയ കാലം. |
|---|---|---|---|
| 1. | കാത്തിരിപ്പ് | കാകളി. | ൧൧൦൮ ചിങ്ങം |
| 2. | ആൽപ്രദക്ഷിണം | അന്നനട. | ൧൧൦൭ ചിങ്ങം |
| 3. | പുതുവർഷം | കേക. | ൧൧൦൦ കർക്കടകം |
| 4. | നിർവാണമണ്ഡലം | ചെറുദ്ഗ്ഗരി. | ൧൧൦൩ വൃശ്ചികം |
| 5. | അച്ഛന്റെ ചാത്തം | കേക. | ൧൧൦൮ മകരം |
| 6. | തിലകമണ്ഡലം | അന്നനട. | ൧൧൦൬ കുംഭം |
| 7. | പുതുമഴപ്പാറ്റകൾ | കേക. | ൧൧൦൮ എടവം |
| 8. | മറ്റൊരു ശാകുന്തളം | മാകന്ദമഞ്ജരി | ൧൧൦൮ മീനം |
| 9. | പടവാളിന്റെ പുഞ്ചിരി | കേക. | ൧൧൦൩ തുലാം |
| 10. | ചോര തിളക്കണം | മാകന്ദമഞ്ജരി. | ൧൧൦൯ തുലാം |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ദി വാ സ്വ പ്നം

## 1

## കാ ത്തി രി ക്കൽ

൧ കാർകളാൽ മുററും കറുത്തിരുണ്ടാലിരു-
ണ്ടാകട്ടെ നിശ്ശൂന്യമെൻ നഭോമണ്ഡലം.

വല്ലപ്പൊഴുമിവ ററിന്മേൽപ്പതിച്ചിടാം
കല്യാണരൂപങ്ങളാകിയ രശ്മികൾ;

അത്തവ്വിലാവിർഭവിക്കയും ചെയ്യ്തിടാം
ചിത്രമായോരു മഴവില്ലു ഭംഗിയിൽ.

അല്പനേരത്തിനാൽ മാഞ്ഞുപോമെങ്കിലു-
മപ്പുതുകാഴ്ചതാൻ പോരുമല്ലോ ചിരം

നീലാഭ്രഭീതമാമെൻമയൂരത്തെയും
പീലിപരത്തിച്ചു നൃത്തമാടിക്കുവാൻ !

കാലാനുകൂല്യമേ, താവകാഭ്യാഗമം
കാത്തിരിക്കുന്നേൻ നിരാശനാകാതെ ഞാൻ.

Digitized By Kerala Sahitya Akademi

II

# ആൽപ്രദക്ഷിണം

---

൧ തരുണഭാസ്കരപ്രദീപവുമായ്പ്പ-
ന്നരുണാംബരയാമുഷസ്സന്ധ്യ താൻതാൻ
അഭിഷേചിച്ചിതോ ശിരസി പാലുകൊ-
ണ്ട,യി പാൽമരമാമരയാലേ, നിന്നെ:
അതിൻ ശിഷ്ടങ്ങൾ നിൻചുവട്ടിലങ്ങിങ്ങു-
ണ്ടിതാ, പത്രാന്തരച്യുതാതപമിഷാൽ;
സ്ഫുരിപ്പതുണ്ടു നിൻ ദളാഗ്രങ്ങളിലും
നറുംപാൽത്തുള്ളികൾ—തുഹിനബിന്ദുക്കൾ!

൨ തവ പത്രങ്ങൾതന്നിടകളിലൂടെ-
യവേക്ഷ്യമാമുഷച്ചുകപ്പണിവാനം
അവിരളോത്സവമണയ്ക്കുന്നു കണ്ണി-
ന്നു,വിട്ടൊന്നു പൊട്ടിപ്പരന്നതിൻവർണ്ണം.

൩ മയിലെള്ളാണെങ്കിൽ,പ്പൊടുന്നനെയ്യുവാൻ
മലർനിരയണിഞ്ഞിടുമായിരുന്നു:
മഹിളമാരിവർ മഹിതചര്യമാ-
രഹർമ്മുഖസ്നാനമസൃണഗാത്രിമാർ
മഹാതരോ, നിൻനേർക്കയപ്പതുണ്ടല്ലോ
മഷീമേചകങ്ങൾ മധുരനേത്രങ്ങൾ—
ഭവൽപാദാർച്ചനം നടത്തുന്നുണ്ടല്ലോ
കുവലയദളക്കുളിർനോട്ടങ്ങളാൽ!

Digitized By Kerala Sahitya Akademi

ഉരസ്സിൽ വന്ദനാഞ്ജലിയാൽ മൂന്നാമ-
തൊരു നീരലർമൊട്ടണച്ച്, നിന്മുന്നിൽ,
കരിമീൻകണ്ണിണ പകുതിയും ചിമ്മി-
ക്കുറച്ചിട നിന്ന കുലവധൂടിമാർ
കരതാരാൽത്തൊട്ടു തലയിൽ വെയ്ക്കുന്നു
പരുക്കനാം തൊലിയിണങ്ങിയ നിന്നെ;
ഹ, ഹ, സുമങ്ങളാൽസ്സുമൃദുമായേനേ-
സ്സഹസാ നീ, ഞാഴൽത്തരുവാണെന്നാകിൽ!

൪ തവ ചുഴലവും പ്രദക്ഷിണംവെയ്ക്കും
ധവളവസ്ത്രരാം ജനങ്ങളാലിപ്പോൾ
ഒരു ഗംഗച്ചുഴിയുടെ നടുവിലായ്
ഗിരിശൃംഗതുംഗവിശാലമൂർത്തി നീ.

൫ മടവാർതൻ മൃദുഹസിതമൊന്നേല്ക്കിൽ-
ജ്ഝടിതി പുഷ്പിച്ചുവരുന്ന ചമ്പകം,
പടുമധുതൃഷ്ണപെടും കാർവണ്ടുകൾ-
ക്കടുത്തുകൂടാത്ത മലർമണം വീശി
സ്ഫുടപ്രഭാവമായ് കനകഭൂഷണ-
പടലവും ചാർത്തിപ്പരിലസിക്കട്ടേ;
സുധന്യമാം കേരദ്രുമ,മതിനുടെ
സുധയുൾച്ചേർന്ന പൊന്മയകുടങ്ങളെ
സയത്നമായ്സ്സുധാശനപദത്തിലേ-
ക്കുയർത്തിക്കാട്ടിക്കൊണ്ടുപശോഭിക്കട്ടേ;
മലയാദ്രിയുടെ യശഃപ്രവാഹമാം
മരം നിജപരിമളസമ്പത്തിനെ

Digitized By Kerala Sahitya Akademi

പല ദേശത്തേക്കുമയച്ചുകൊള്ളട്ടേ
പവനനാകിയ വിമാനത്തിലൂടേ;
അലക്ഷ്മിതന്നിരിപ്പിടമരയാലാ-
ണ,ല്പരാം നമുക്കഭിനന്ദനാർഹം:
അനാഥയായിത്തീർന്നഴൽപ്പെട്ടും ജ്യേഷ്ഠ-
യ്ക്കലിവോടേ തങ്ങലിടം നല്കുകയാൽ
ശനിതരഖാംഗങ്ങളിലസ്പൃശ്യത്വം
ശരിക്കു കൈക്കൊണ്ടോരചലാത്മാവിവൻ!
അസമബുദ്ധിയെങ്ങു മിസ്രരാജ്യക്കാ-
ർക്കു?—വർക്കു ലക്ഷ്മിയുമലക്ഷ്മിയുമൊപ്പം,
അമൃതലബ്ധിക്കായ് വിമഥിക്കപ്പെട്ടോ-
രലകടലിന്റെയിരട്ടകൾതാൻ!
പരമാർത്ഥത്തിൽ ശ്രീയിരുന്നരുളും പൂ-
വൊരു പങ്കജങ്ങളിൽ വിരിഞ്ഞുവാടുന്നു;
അലക്ഷ്മിതൻ വാസഗൃഹമശ്വത്ഥമോ,
വിലയമേല്ക്കാതേ, തളരാതേ നില്പിൽ
പല നൂറാണ്ടുകൾ കഴിഞ്ഞതെന്നോതു
ചലാചലദളകളമർമ്മരത്താൽ!
അനശ്വരത്വത്തിൻ സ്വരൂപമേ, നിങ്ക-
ലണഞ്ഞമാത്രയിലെവന്റെ ദൃഷ്ടിയെ
അപാരതയിലേക്കുടനുയർത്തുകി-
ല്ല,പാരതന്ത്ര്യം വിനാകൃത്രിമൗന്നത്യം?

൩ ഇതിനില്ലാ പൂക്കൾ, നിശി മുകൾവശ-
ത്തുദിതങ്ങളാകുമുഡുക്കളെല്ലാതേ;

Digitized By Kerala Sahitya Akademi

ഇതിന്നില്ലാ ഗന്ധം, സ്വഭക്തർ കർപ്പൂര-
ത്തിരി കത്തിച്ചുഴിപ്പിച്ചിട്ടപ്പൊഴല്ലാതെ;
ഇതിന്നില്ലാ നരകശിക്ഷാവും കാര്യം,
രതികർമ്മത്തിന്റെ സുഫലമല്ലാതെ.
അകിഞ്ചനത്വവുമലക്ഷ്മീവത്വവു-
മസംസ്പൃശ്യത്വവുമെവരെവരിലോ
അവരവരത്രേ സമുപാസ്യർ നമു-
ക്കു;—വരത്രേ ചൂടിൽത്തണൽ വിരിപ്പവർ.
ഒരു ബോധിദ്രുവിൻ കടയ്ക്കൽനിന്നല്ലോ,
പുരുഭൂതദയാനിധി തഥാഗതൻ
പറിച്ചെടുത്തു, തൻകുലച്ചെംകോൽ ദൂര-
ത്തെറിഞ്ഞ തൃക്കയ്യാൽസ്സുനിർവ്വാണകന്ദം.
ഇതിൻകുട്ടുക്കു കൽത്തറ പടുക്കാവൂ;
ക്ഷതിയററ പീഠം രചിയ്ക്കാവൂ നമ്മൾ;
ഇതിൻ തയ്യുകളെ വളർത്തുകൊള്ളാവൂ
ഹൃദയോദ്യൽപ്രേമരസസേചനത്താൽ!

Digitized By Kerala Sahitya Akademi

III

# പുതുവർഷം

---

൧. നമ്മുടെ പതിനൊന്നാം നൂററാണ്ടും ക്രമാലിതാ,
തന്മുമ്പർപോലെ പോയിബ്ഭൂതകാലത്തിൽച്ചേർന്നു:
എത്രയോ ബാഷ്പാംഭസ്സും പുഞ്ചിരിനുരകളു-
മുദ്വഹിച്ചൊഴുകിയിപ്പുഴയും കടൽ പൂകി!
ലീലകൾ മുഴുമിച്ചിശ്ശതവർഷത്തിൻ വാല്യം
കാലമാം പാമ്പാട്ടിതൻ കൈക്കുട്ടയ്ക്കകത്തായ്പ്പോയ്!

൨. കാലമേ, വിശാലമാം നിൻകലവറയിൽനി-
ന്നീ ലോകമെടുത്തിട്ടില്ലെത്ര നൂററാണ്ടുകളെ?
എങ്കിലെന്തെത്ര ജലമാവിയായ്പ്പോയ്പ്പോയാലും
വൻകടൽക്കെന്തു കുറവാ?-യതെന്നെന്നും പൂർണ്ണം!
ആദിയില്ലാത്ത ഭവാനെൻനാട്ടിൻ കണക്കിലി-
ന്നായിരത്തൊരുനൂറേ വയസ്സു ചെന്നിട്ടുള്ളു;
അപ്പൊഴേ പെററ കിടാവാകുന്നിതിടയ്ക്കിട-
യ്ക്കങ്ങയെപ്പരാർദ്ധാന്തസംഖ്യയാൽ തൃപ്തൻ മർത്ത്യൻ!
ആയിരത്തൊരുനൂറാമാണ്ടിനോടൊരുമിച്ചു
പോയിതു ഞങ്ങൾക്കൊരു വയസ്സുകൂടി സ്വൈരം;
ഞങ്ങൾതന്നായുഃപുഷ്പത്തിന്മേൽനിന്നിതളോരോ-
ന്നിങ്ങനെ പറിച്ചെറിയുന്നു നീ പൈതൽക്കൊപ്പം!
എൻനാട്ടുകാരേ, പുത്തൻ വത്സരമണഞ്ഞതോ-
ടൊന്നിച്ചു കുറേക്കൂടിപ്പഴകിപ്പോയീ നമ്മൾ—

Digitized By Kerala Sahitya Akademi

വീണ്ടുമൊട്ടടിവെച്ചു ചുടുകാട്ടിലേക്കു നാം—
നീണ്ടു നമ്മുടെ നേരെ മൃത്യുകൈ നടേത്തക്കാലം!

൩. ആയുസ്സു കുറയുന്നു നമുക്കു ദിനംതോറും;
ജ്ഞേയവും കർത്തവ്യവും പെരുകിച്ചമയുന്നു.
'നാളെ വേണ്ടുവതിന്നേ ചെയ്യുവെയ്ക്കേണം; പ്രാഹ്ന-
വേളയിൽത്തന്നേ ചെയ്തു വയ്ക്കിട്ടു വേണ്ടും കൃത്യം;
ചെയ്യുവോ ചെയ്യില്ലയോ എന്നു നോക്കുകയില്ലാ
ഭൂതസംഹർത്താവെ'ന്നാണാർഷമാമുപദേശം.
കാലന്റെ കയറിന്നു ലാക്കായിക്കഴിഞ്ഞോരെ-
പ്പോലവേ വേണം നമ്മൾ ധർമ്മത്തെയനുഷ്ഠിപ്പാൻ!

൪. ധർമ്മമെന്തെൻ ഭ്രാതാവേ, മാനുഷനുളള, തന്റെ
ജന്മഭൂവിനെശ്ശുശ്രൂഷിക്കുകെന്നതിൽ മീതെ?
കേൾക്ക നീ നിൻനാടിൻകാൽച്ചങ്ങലക്കിലുക്കങ്ങ
ദീനദാരിദ്ര്യവ്യാധിരോദനാഞ്ജരക്കങ്ങൾ? [ളം—
മാറാതെ വർഷംതോറും നാലഞ്ചുമാസം നില-
ക്കാറുകളുടെ വെള്ളിക്കമ്പികൾവഴിയായി
സ്വർഗ്ഗീയവിഭവങ്ങളയച്ചുകിട്ടും രാജ്യ-
മൊക്കയും വരളുന്നു വറുതിയുടെ ചൂടാൽ—
ചന്ദനമരിച്ചേലാസുഗന്ധിവാതസ്കന്ധ-
മന്നന്നു ദുഷിക്കുന്നു ദീനർതൻ നെടുവീർപ്പാൽ—
പൊങ്കുടങ്ങളെയേന്തും തെങ്ങുകൾതൻ കീഴേടം
സങ്കുലമായ്ത്തീരുന്നു പിച്ചത്തൊണ്ടുകളാലേ!
അമ്മയ്ക്കീദ്ദുരവസ്ഥയെന്തുകൊണ്ടുളവായി?
നമ്മുടെയാലസ്യത്താൽ, നമ്മുടെയനൈക്യത്താൽ.

Digitized By Kerala Sahitya Akademi

ഞാനുമന്യനാ,വൻ താനവനെന്നീയഭി-
മാനമാനാപമാനഭാജനങ്ങളായ് നമ്മൾ;
സ്വാത്മസംസക്തി നമുക്കാത്മവിശ്ലേഷം ചേർത്തു;
നേത്രമേ, കണ്ടായോ നീ നിയതിവിളയാട്ടം!
ഇടയിൽക്കേറിജ്ജാതിസ്പർദ്ധകൾ തിരുകുകയാൽ
പിടിവിട്ടകന്നു പോയ്പോയ കൈയുകൾ വീണ്ടും
ഒത്തൊരുമിയ്ക്കാതേ ചെറെറടുത്തു പൊരാവത-
ല്ലു;-ത്രയും പാതാളത്തിലല്ലയോ മലയാളം!
ആരുടെ തോട്ടത്തിലെക്കിളിയും പാടിപ്പോന്നു
നീരജസ്വാതന്ത്ര്യൈകമാർഗ്ഗമാമദ്വൈതത്തെ,
അമ്മനിന്നുടെ മക്കൾ, മർത്ത്യർ നാമെന്നുള്ളോർമ്മ
നമ്മിലർപ്പിക്കട്ടെ കനിഞ്ഞിപ്പുതുവർഷം!

Digitized By Kerala Sahitya Akademi

## IV

# നിർവ്വാണമണ്ഡലം

---

൧. വിശ്രാന്തി നല്കാൻ പരന്നുകിടപ്പോരു
പച്ചത്തടാകമിപ്പൈംപുല്ലിടം:
അല്പാല്പമോളം തുളുമ്പീടുമാറിതി-
ലുൾപ്പുക്കു നീന്തുന്നുണ്ടന്തിത്തെന്നൽ;
അപ്പുകൾതൻ പരിവേലവപുഷ്പങ്ങ-
ളിപ്പച്ചപ്പൊയ്കയിൽ വെൺനുരകൾ.
തത്തവർണ്ണത്തിലുണ്ടിന്നിലത്തെങ്ങുമേ
ശുദ്ധാനുകമ്പതൻ കന്ദളങ്ങൾ;
താരും തളിരുമായ്പ്പാർശ്വച്ചെടികളിൽ-
പ്പാറുന്നു സ്നേഹവുമാഹ്ലാദവും.
ക്ഷോണിതൻ പച്ചവില്ലീസ്സുവിരിപ്പിതിൽ
വീണുരുണ്ടീടുവാൻ തോന്നുന്നു മേ;
കന്നിനെ മേയ്ക്കുന്ന കുഞ്ഞുങ്ങളെങ്ങാനും
കണ്ടി,താ, ഭ്രാന്തനെന്നാർപ്പിട്ടേയ്ക്കാം!
എങ്കിലെന്താനന്ദത്തള്ളൽ തടുക്കാമോ?
ശങ്കിച്ചതായതുകൊണ്ടല്ല ഞാൻ:
നോവോ ചതവോ പിണഞ്ഞാലോ—പെട്ടെന്നി-
പ്പൂവിളംപുല്ലിനെൻഗാത്രസ്പർശാൽ!

൨. നല്ല മരതകക്കല്ലു പതിച്ചേട-
ത്തല്ലോ സുവിശ്രമം കൊൾവതു ഞാൻ;

Digitized By Kerala Sahitya Akademi

എന്തുകരാംബുഭാഗത്തോ, വെൺകുടപോലവേ
രമ്യമാമംബരമണ്ഡലവും.
നാലു വിനാഴിക മുമ്പുവരെയ്ക്കും ഞാൻ
കാലു കഴഞ്ഞൊരു യാത്രക്കാരൻ;
ഇപ്പൊഴോ, വാഴ്കയായ് സൈ്വരമകൃത്രിമ-
ശില്പാഢ്യമാമൊരു കൊട്ടാരത്തിൽ.
ചുട്ട പാഴ്നെററിക്കു വേപ്പൊപ്പാൻ വീരാളി-
പ്പട്ടങ്ങെറിഞ്ഞുകൊടുപ്പൂ ദൈവം!

൯. എന്നുടെ സംകല്പച്ചെംകോലിൻ കാന്തികരം
ചിന്നുന്നു പശ്ചിമവ്യോമാന്തത്തിൽ.
കൊള്ളാ,മൊരേതരം ചായത്തിരശ്ശില-
യല്ലോ, പിടിപ്പൂ കിഴക്കും മേക്കും;
ത്തുവെണ്മ താവും പകല്ക്കു,മിരുണ്ടുള്ള
രാവിനും രംഗപ്രവേശം ചെയ്വാൻ.
വണ്ണത്തെ നോക്കി മേല്ക്കീഴുകരം കല്പിപ്പാൻ
കണ്ണു നടത്തുന്നു നമ്മരം നീളെ;
നമ്മരംതന്നമ്മയ്ക്കോ—വിശ്വപ്രകൃതിയ്ക്കോ—
സമ്മതമല്ലപോലീ വിഭാഗം!

൧൦. ചണ്ടിക്കുളത്തിനും പള്ളിവെൺചാമര-
മുണ്ടിങ്ങു,പാന്തോദ്യൽക്കാശപ്പൂവാൽ;
രാജചിഹ്നാഹംതാൻ, നീ മൂടിവെയ്ക്കിലും
ഹേ ജലാധാരമേ, നിൻനൈർമ്മല്യം!
പുഞ്ചിരിയിട്ടുകൊരംകു,ല്ലാസം പൂണ്ടുകൊരം-
കെ,ഞ്ചിത്തവൃത്തിപോലാമ്പൽപ്പൂവേ:

Digitized By Kerala Sahitya Akademi

നിന്നഴകായ നറും പാൽക്കുഴമ്പിനെ
മിന്നുന്ന കണ്ണാൽ നുകർന്നിടാനും
നിശ്ശബ്ദമാമേതോ ദിവ്യമാം ഭാഷയിൽ
നിന്നോടു മർമ്മങ്ങൾ ചൊല്ലുവാനും
ഇമ്മുഹൂർത്തത്തിലേ വന്നെത്തും മേൽഭ്ഭാഗ-
ത്തു, സുഖം നീ നോക്കുകാ നക്ഷത്രം.

൭. കാലദേവൻെറ ഗ്രന്ഥാന്തഃപുരത്തിൽനി-
ന്നീ ലോകത്തൊട്ടുനാൾ സഞ്ചരിപ്പാൻ
കാലേ പുറപ്പെട്ട ശാരദലക്ഷ്മിതൻ
പീലിക്കുടാരമാം ശൈലാരണ്യം,
പോക്കുവെയിലിനാൽപ്പൊൻകസവിട്ടതു
നോക്കുതാ, കാണ്മൂ കിഴക്കകലേ;
ഹന്ത, പടിഞ്ഞാറുഭാഗത്തു, സായമാം
സന്ധ്യതൻ ചെമ്പനിനീർപ്പൂന്തോട്ടം;
തെല്ലകന്നുത്തരഭാഗത്തു, സഹ്യൻെറ —
തെക്കൻ ഹിമവാൻെറ — ഗംഗ പേരാർ;
തെക്കുദേശത്തോ, വിചിത്രങ്ങളാം ചില
നല്ലുററിക്കാടുകൾ പുഷ്പിതങ്ങൾ —
ആരോ മനംവെച്ചു നിർമ്മിച്ചിട്ടതട-
ത്തായി നിരത്തിയ പൂച്ചെണ്ടുകൾ —
എങ്ങോട്ടു നോക്കണം,മെങ്ങോട്ടു നോക്കേണ്ടാ,
നിങ്ങൾ പാവങ്ങളെൻ നേത്രങ്ങളേ?
സർവ്വതസ്സുന്ദരം സന്ദർശനീയമീ
നിർവ്വാണമണ്ഡലം നിസ്സപത്നം!

Digitized By Kerala Sahitya Akademi

# V

# അച്ഛന്റെ ചാത്തം.

---

൧. “ആരുമില്ലേന്നോ തല്ലിപ്പായിപ്പാൻ, പടിപ്പുറ-
ത്താരണരുടെ മാർഗ്ഗം മുടക്കും ചണ്ഡാലനെ!”
എന്നു, വീട്ടുടമസ്ഥൻ മണിമാളികതന്മേൽ-
നിന്നു, ചെങ്ങിയ കണ്ണാൽ നീട്ടിയ കടുനോട്ടം
ദ്വാരപനുടെ കയ്യിൽച്ചൂരലായ്ത്തീർന്നു, പ്പിച്ച-
ക്കാരനാം പറയനെപ്പാരിങ്കൽപ്പതിപ്പിച്ചു.

൨. ശ്രാവസ്തീപുരേ പണ്ടൊരാഢ്യവൈശ്യൻതൻ പിതൃ-
ശ്രാദ്ധത്തിൽസ്സുതൃപ്തരാം വിപ്രർതൻ പള്ളിയേത്തട്ടൽ
വിഴുങ്ങിക്കളഞ്ഞാനോ, തല്ലേററു തലവിണ്ടു
വീഴുമാ ക്ഷുദാർത്തന്റെയയ്യയ്യോ വിളിയെല്ലും!

൩. വസ്ത്രരത്നാദ്യങ്ങളാം വിലക്കു ഭൂദേവർതൻ
സ്വസ്തിവാക്കുകൾ വാങ്ങിവെച്ച വൈശ്യേന്ദ്രനുടൻ,
സ്വഗൃഹദ്വാരത്തുനിന്നയരെക്കേൾക്കായ്‌വന്നു,
‘ഭഗവാൻ, ബുദ്ധൻ ബുദ്ധനെ’ന്നൊരദ്ഭുതഘോഷം.
പാഞ്ഞെത്തീ പടിക്കലെയ്ക്കാസ്ഥയാ ഗൃഹസ്ഥനു-
പ്പാവനാതിഥിയ്ക്കർഘ്യപാദ്യങ്ങൾ സമർപ്പിപ്പാൻ;
അപ്പൊഴോ, മുന്നിൽക്കണ്ട കാഴ്ച—ഹാ, ഭഗതോവി-
സൃപ്രജ്ഞേ, വിജയിക്ക ജീവകാരുണ്യക്കൊമ്പ! —
നിഭൃതജനൌഘമാം വന്മതിൽച്ചുററിനുള്ളിൽ
നിലത്തു ചമ്രം പടിഞ്ഞിരുന്നു ബദ്ധശ്രദ്ധം,

Digitized By Kerala Sahitya Akademi

ആർത്തയാമച്ചണ്ഡാലച്ചെക്കനെയച്ഛൻകണ-
ക്കാശ്വാസപ്പെടുത്തുകയാണു തന്തിരുവടി.
അങ്കശായിതനായ ബാലകനുടെ ഫാല-
ത്തിങ്കലെ മുറിവിൽനിന്നൊലിച്ച രുധിരത്താൽ,
കുങ്കുമപ്പൂത്തുപുള്ളി കുത്തിയപോലായ്, സ്നേഹം
തങ്കിന സിദ്ധാർത്ഥൻെറ മഞ്ഞയാമുടുവസ്ത്രം.
യാതൊന്നോ ജഗത്തിങ്കൽക്കൂരിരുട്ടിനെ നീക്കി-
ബ്ബോധമേകിടുമുഷസ്സിൻെറ പൊൻനിറം വീശി,
അത്തിരുമഞ്ഞളുടയാടമേലുദിപ്പിച്ചു
രക്തമണ്ഡലമതന്നൊരു ചെംകതിരോനെ!
പുണ്ണുകളുടെ ചലം വാർന്നു ദുർഗ്ഗന്ധം പൂണ്ടു
കണ്ണിനുമറപ്പേകും ചണ്ഡാലശരീരത്തിൽ,
ചന്ദനക്കുഴമ്പണിഞ്ഞുള്ളൊരു ശുചിമെയ്യി-
ലെന്നപോലത്രേ തൊട്ടുതടവീ തഥാഗതൻ.
പാരിനെത്താങ്ങാൻവേണ്ടിപ്പെരുകച്ചെംകോലിനെ-
ദ്ദൂരത്തെറിഞ്ഞ തൃക്കൈത്താരിൻ തലോടലാൽ
ആരോഗ്യസുഖാമൃതം പുരണ്ടപോലായ്ത്തീർന്നു,
ദാരുണകുഷ്ഠവ്യാധിക്ലിഷ്ടമക്കൃശഗാത്രം.
ദൂരത്തു നില്ക്കേണ്ടുന്നൊരയിത്തക്കാരന,വൻ
പാരിടത്തേയും നേരേ തൊടുവാൻ പേടിപ്പവൻ,
ദാരിദ്ര്യക്കുടിലിങ്കൽപ്പിറന്നുവളർന്നവൻ,
പോരെങ്കിൽപ്പകരുന്ന രോഗവും പിടിപെട്ടോൻ,—
എങ്കിലും, ദിവ്യസ്പർശാല,വൻെറ കുണ്ടിൽപ്പോയ
കൺകളിലൊരു കൊച്ചുവെളിച്ചം പാറിപ്പാഞ്ഞു:
പ്രേമത്തിൻ തെളിയുറവില്ലാത്ത മരുഭൂവ-
ല്ലീ മന്നെ,ന്നിതിനുമുമ്പറിഞ്ഞിട്ടില്ലപ്പാവം.



Digitized By Kerala Sahitya Akademi

൪. വന്ദിച്ചു വണിക്കിനോടവരും കേൾക്കെച്ചൊന്നാൻ
സുന്ദരോദാരാകാരനാകിയ ഗുരുദേവൻ: —
“പരിപൂജിച്ചല്ലോ നീ ഭൂരിവിപ്രരെ;-യെന്നാൽ
പശിയുണ്ടൊരുപോലെ വിപ്രനും പറയനും.
ഇവനോ, മഹാരോഗി, ദരിദ്രൻ; വെറുംകഞ്ഞി-
ക്കുവശമിരന്നതോ, ദണ്ഡനാർഹമാം കുററം?
കുഷ്ഠത്താൽ മുരടിച്ച കൈവിരലുകൾകൊണ്ടി-
പ്പട്ടിണിപ്പൈതൽ വഹിച്ചിരുന്ന ചട്ടിത്തുണ്ടും
ഒട്ടു കഞ്ഞിയാലല്ല നനഞ്ഞൂ, തല്ലേററല്ലു
പൊട്ടിയ തൻചാഴ്നെററി വാർത്ത രക്തത്താലത്രേ:
രണ്ടിററുകൾക്കൊരിവേകാതിടിവാൾ വീഴിച്ചല്ലോ,
കൊണ്ടലേ, വേഴാമ്പലിൻ വരണ്ട കൊക്കത്തു നീ!
ശരി, നീ കരഞ്ഞുകൊൾകിപ്പാപമനുതാപ-
ക്ഷരിതബാഷ്പത്താൽത്താൻ കഴുകിക്കളയേണം.
മാനുഷൻ സമീപിച്ചാൽ മാനുഷന്നശുദ്ധിയോ?
മാനികളുടെ മിഥ്യാഗ്രന്ഥങ്ങൾ ചീന്തിത്തള്ളൂ;
ദീനരക്ഷസ്സായ് നീക്കിവെയ്ക്കു നീ, പിതാവിൻെറ
പീനമാം പിശുക്കിനാൽക്കൈവന്ന കുബേരത്വം.
ദാനവർജ്ജിതമായ ദുഷ്ടസംപത്തിൻ ഭാരാൽ-
ത്താനധഃപതിച്ചു നിന്നച്ഛനാണിച്ചണ്ഡാലൻ:
ഉണ്ണാതെ,യുടുക്കാതെ, നല്കാതെ,യെവരെയോ
ദണ്ഡിച്ചു നേടിക്കൂട്ടി പൂർവ്വജന്മത്തിലിവൻ,
അപ്പൊന്നിൻ പണങ്ങളിൽച്ചിലവയത്രേ പററി-
നില്പതി,ക്കെട്ടമെയ്യിൽ വട്ടപ്പുണ്ണുകളായി!
പുത്രൻെറ പവിത്രമാം ത്യാഗമേ, ലോഭംമൂലം
ദുർദ്ദശക്കടിപ്പെട്ട താതന്നു സിദ്ധൌഷധം.”

Digitized By Kerala Sahitya Akademi

"താതനും ഗുരുവുമെൻ പിഴകൾ പൊറുക്കുകെ"–
ന്നാദരാൽത്തൽപ്പാദത്തിൽ വീണു വാണിജവര്യൻ
സ്വത്തെല്ലാമഗതികൾക്കായിട്ടു സമർപ്പിച്ചാ–
ൻ,ധന്യനിപ്പോളനുഷ്ഠിച്ചതേ പിതൃശ്രാദ്ധം!

——:o:——

Digitized By Kerala Sahitya Akademi

## VI

# തി ല ക മ ണ്ഡ പം

---

൧. ഇരുതിങ്ങൾക്കു മുമ്പൊരു വിജനമാം
തരിശായിക്കിടന്നിരുന്ന മൈതാനം—
പരിശൂന്യതതൻ പഴംകിടങ്ങായ്-
ക്കരുതപ്പെട്ടൊരു തരിമണൽപ്പുറം—
മഹാജനസഭാമഹാനടത്തിപ്പിൽ
മതിശ്രദ്ധ പൂണ്ട മദിരാശിയുടെ
പ്രചുരമാകിയ ധനവ്യയത്താലും
രുചിരമാകിയ പരിശ്രമത്താലും
മധുരമാകിയ മനോധർമ്മത്താലു-
മതാ, ക്രമാലൊരു നഗരമായ് മാറി
ഇരവുതോറുമിപ്പുതുനഗരിയി-
ലെരിമിന്നൽവിളക്കുകൾ നിരക്കയാൽ,
കരന്യൂനക്ഷത്രഗണത്തെ മന്നിൽക്ക-
ണ്ടരം പകച്ചുപോയ് ദിവിഷ്ഠതാരങ്ങൾ!
സഭായോഗോദ്യമസമാഗമത്താലേ
സസത്ത്വയായ് വാണ മദിരാശിപ്പുരി
യഥാകാലം പെറ്റോരരിമപ്പൈതലോ,
തങ്കസംസ്ഥമിച്ചേറിയ പട്ടണം!
പ്രകൃതിദേവിതൻ തിരുക്കിനാവാലും
പ്രകൃഷ്ടനാം നരനുടെ കരത്താലും

Digitized By Kerala Sahitya Akademi

ഷ്ട്രങ്ങളാം പല പല വസ്തുക്കളെ
പ്രദർശിപ്പിക്കുന്ന പൃഥുശാലകളോ,
ഉലകിന്റെയൊരു ചുരുക്കമൊക്കിത്താൻ
വിലസിപ്പിച്ചിതസ്സഭാസങ്കേതത്തെ!

൨. ചെറുജഗത്തിതിൻ വിരാട്പുരുഷനായ്
വിരിക്ഷിക്കപ്പെട്ട മഹാസഭപ്പന്തൽ;
യഥാർഹമന്തരീക്ഷത്തെയുമലോ-
മതിലംഘിച്ചുള്ളോന്നതിന്റെയൌന്നത്യം.
പുറത്തെങ്ങും ചുഴന്നിരമ്പിന ജനോൽ-
ക്കരമാകുമലകടലിൻ മധ്യത്തിൽ
പരപ്പിയന്നയന്നൊരു തുരുത്തായി-
പ്പരിലസിച്ചിതപ്പരിഷദാലയം.
പുരപ്പുറത്തട്ടുത്തട്ടുള്ള കുത്തിയ
ചെറുകൊടികൾ കാററടിച്ചിളകവേ,
പരസ്സഹസ്രമതുരുത്തിന്മേൽക്കാണായ്,
ചിറക് വീശുന്ന വിചിത്രപക്ഷികൾ.
വടിവൊത്ത തെങ്ങോലകൾകൊണ്ടു മേഞ്ഞ
നെട്ടംപുരയിത,ത്തിലകദേവന്റെ—
സ്വാരാജ്യമുകത്യുപനിഷദ്ഗുരുവിന്റെ—
തിരുനാമത്തെയുദ്വഹിക്കയാൽത്തന്നേ
പരമപാവനം, പരിപൂജ്യ,മൊരു
വരഷിതൻ പർണ്ണനിലയനംപോലെ;
അഹോ, വീണ്ടും പുണ്യതമമിതു ലോക-
മഹാത്മാവിന്റെയും പദസംസ്പർശത്താൽ.

Digitized By Kerala Sahitya Akademi

ഭരതക്ഷേത്രത്തിൽപ്പുനരാഗമിപ്പാ-
നൊരുക്കക്കൂട്ടുന്ന വിമുക്തിലക്ഷ്മിയാൾ
ലലാടത്തിൽത്തൊട്ട തിലകമാകാമീ-
ത്തിലകമണ്ഡപം സുമണ്ഡലാകാരം!

II

൩. തിലകമണ്ഡപപുരോഭുവി നഭ-
സ്ഥലം മുകരുന്ന മണിധ്വജത്തിന്മേൽ,
ദരിദ്രർക്കായ് വെള്ളിത്തെളികാന്തികളെ-
പ്പൊഴും നൂൽച്ചക്രമാമടയാളത്തോടും,
കുളിർപവനനാൽ വിലങ്ങനെപ്പാറി-
ക്കളിച്ചു ഭാരതപതാക മേല്ക്കുമേൽ,
പരാധീന്യസ്മൃതി നമുക്കതു-
തരുതെന്നല്ലയോ വിലക്കിയാജ്ഞ്യത്താൽ;
അതുതന്നെയല്ലോ മുഴങ്ങി സംപൂർണ്ണ-
സ്വാതന്ത്ര്യാക്ഷരങ്ങളായ് സ്സദസ്സുകൾ;
അതേ, ചങ്ങലയൊന്നഴിച്ചുകെട്ടാന-
ല്ല,ഴിച്ചുനീക്കാനാണനഘമീ യത്നം:
അപൂർണ്ണസിദ്ധികളസിദ്ധികളിന്ത്യ-
ക്കു,ഭങ്ഗുരപദൈഷികൾ ഭാരതീയർ!

൪. മറിമായമേ, നിൻമയക്കപ്പാട്ടിതു
മതിമതി; മർത്ത്യരുണർന്നുപോയ് മുററും:
സമർത്ഥരല്ലപോൽ നയമീമാംസയിൽ-
ക്കമെന്തകതനുഭവന്റെ നാട്ടുകാർ —

Digitized By Kerala Sahitya Akademi

പെരിയ കൌടില്യനുടെ കുലശിഷ്യ-
ർക്കറിഞ്ഞുകൂടാപോൽബ്ഭരണതന്ത്രങ്ങൾ!
ശരി, ശരി;-യെന്നാലവിദ്യരാകിലും
ദരിദ്രരാകിലുമഭദ്രരാകിലും
തനതു മക്കൾതാൻ പരിചരിക്കേണം,
ജനയിത്രിക്കതേ ഹിതമാകയുള്ളൂ !

൫. ജയ മാതൃഭൂവിൻ പതാകികേ, ചേർത്തു-
മുയർന്നുനിന്നാലുമുഡുപഥാന്തോളം !
വെളുപ്പിനാൽസ്സത്വഗുണത്തെയും പച്ച-
യൊളികൊണ്ടു പുനരനുകമ്പയെയും
ത്തുടുപ്പിനാൽധർമ്മാനുരക്തിയേയുമി-
ങ്ങെടുത്തുകാണിക്കും ത്രിവർണ്ണമണ്ഡിതേ,
ഭവന്നിദേശത്തിൽസ്സമുന്മുഖർ ഞങ്ങൾ,
തവ തണൽതാനിപ്പൃഥിക്കു തണൽ.
വരികയാണെങ്കിൽ വരട്ടെ വിഘ്നങ്ങൾ;
പുരോഗതിക്കവ പുതുവാഹനമാം:
പുരുഷകാരത്തിലുറപ്പെവർക്കുണ്ടോ,
പരാജയക്കാററിന്നവർ പർവ്വതങ്ങൾ.
അനക്ഷരങ്ങളായനശനങ്ങളാ-
യധഃസ്ഥിതങ്ങളാം മുഖശതങ്ങളിൽ
ചുടുകണ്ണീരൊലുന്നതെന്നെന്നേക്കുമായ്-
ത്തുടക്കുവാൻ വസ്ത്രം സ്വയം നെയ്യും ഞങ്ങൾ.
പുരുഷയോഗ്യമാം ശമംകൊണ്ടേ പട
പൊരുതും ഭടർ ഞങ്ങളഹിംസാരാധകർ;

Digitized By Kerala Sahitya Akademi

പുലിപ്പുരിചിനാൽസ്സമസൃഷ്ടരിൽനി-
ന്നൊലിപ്പിക്കപ്പെട്ട നിങ്ങൾക്കംഴമ്പല്ലാ,
നലമേറമസ്മാദൃശരാജ്യശ്രീത-
ന്നലർച്ചുവടികൾക്കലങ്കൃതകരസം.

'യതോ ധർമ്മസ്തതോ ജയഃ' സ്വദേശാഭോ-
മിതേ ഭാരതത്തിൻ ചിരന്തനഗാനം.

Digitized By Kerala Sahitya Akademi

## VII

# പുതുമഴപ്പാററകൾ

൧. 'ഇത്തിരി തീ കത്തിച്ചു, കത്തിച്ചു മാററണേ'ന്നാൻ
സത്വരം പാഴ്പ്പാററകൾ ചുഴന്ന ഗൃഹനാഥൻ.
അപ്രോഗമേതോ ക്ഷണാൽ പിടിപെട്ടതുപോലായ്
തൽഗൃഹപ്പുറംചുമർ, പാററകൾ പതികയാൽ.
പാത്തട്ടിൽനിന്നേഴെട്ടു ചാണോളമുയരത്തും
പാററകളിടതിങ്ങി വല കെട്ടിയപോലേ.
ഗരുഡൻ പറക്കുന്ന വാനിന്റെ ചുവട്ടിൽത്താൻ
ചിറകിൽത്തത്തിപ്പാറിക്കളിച്ചാരക്കീടങ്ങൾ.
മഴനീർ മോന്തിക്കൊണ്ടു മന്നിന്റെയുള്ളംതട്ടികൾ-
ത്തഴച്ചും മത്ത്യദ്രോഹവാഞ്ഛരതന്നാത്മാവുകൾ
ചിറകുംവെച്ചു പുറത്തെച്ചു പോന്നവയാവാം,
പാറുമീച്ചെട്ടുകളെന്നയാളുൽപ്രേക്ഷിച്ചു.
ആഴിൽനിന്നസുഖമാ, പ്രാണിയെത്തീച്ചിൽച്ചുട്ടോ
നീരിൽമുക്കിയോ കൊൽവാൻപോന്നമാനുഷ, ധീമൻ,
ഈച്ചകൾ, കൊതുകുകൾ, പാററകൾപോലും മേന്മ
വായ്ച നിന്നുടൽക്കാഹാ, ചിറകുള്ളസ്വാസ്ഥ്യങ്ങൾ!

൨. കണ്ണുന്നിതന്തിച്ചെന്തി, മസ്സാദ്രിച്ചെരുവിലും
പൂത്തനാം മഴമൂലം പാററകൾ പുറപ്പെട്ടോ !

൩. എന്തൊന്നു നിനച്ചിട്ടായിരിക്കാം പൊങ്ങികളും
ചെന്തീയിലണവതീ പ്രാണികൾ തെരുതെരെ?

Digitized By Kerala Sahitya Akademi

തരമൊത്തൊരു തങ്കഗ്ഗോളമാണിതെന്നായി-
ദ്ദൂരകൊണ്ടീടാൻ മർത്ത്യബുദ്ധിയില്ലിവർക്കല്ലോ!

൮. ആയിരക്കണക്കായി, മനുഷ്യൻ ജ്വലിപ്പിച്ച
തീയിൽ വീണെരികയായ് സാധുക്കളജ്ജന്തുക്കൾ.
"ഇന്നലെ നിശാന്തത്തിൽത്തപ്തയാം ക്ഷിതിയെപ്പു-
ണർന്നവ പ്രേമാശ്രുവിൽക്കുളിപ്പിച്ചവനേ, നീ
ഇന്നന്തിയ്ക്കവളുടെ പൈതങ്ങൾ, പതംഗങ്ങൾ
കുന്തിച്ച തീയ്യിൽച്ചാകുമ്പൊഴുതെന്തനങ്ങാഞ്ഞൂ?"
എന്നു വല്ലതും ചോദിച്ചിരിയ്ക്കാ,മാകാശാന്തേ
നിന്നു കാറോടു ചില മങ്ങിയ നക്ഷത്രങ്ങൾ!
അദ്ഭുതസ്തിമിതനായ്ദ്ദർശിച്ചാനിളംചന്ദ്ര-
നഗ്നിയിൽ മൈ ഹോമിയ്ക്കും ശലഭങ്ങൾതൻ യജ്ഞം!

൯. ഉജ്ജ്വലത്തിയ്യിൻചാരേ വെച്ചോരു തണ്ണീർക്കിണ്ണ-
മിച്ചെറുശരീരികൾക്കൊരു വൻപുഴയല്ലീ?
ചില പാറ്റകൾ ചെന്നാ വൈതരണിയിൽ വീണി-
ട്ടിളമീനുകൾപോലേ കാൽക്ഷണം നീന്തീതാനും.
തീയ്ക്കടുത്തവയുടെ കൊഴിഞ്ഞ ചിറകുകൾ
നാക്കുകൾതൻനാക്കിന്നിമ്പം ചേർത്ത വറവലുകളായ്.
ബാക്കിയുണ്ടവയുടേതായിട്ടിപ്പൊഴുതിങ്ങു,
മൂക്കിനെപ്പീഡിപ്പിക്കുമൊരു ദുർഗ്ഗന്ധംമാത്രം.
എങ്ങെങ്ങോ പിറക്കലും, ചിറകു മുളയ്ക്കലു,-
മങ്ങിങ്ങു പറക്കലും, തിയ്യിൽ വെന്തടിയലും—
ഒക്കെയും കഴിഞ്ഞുപോയ് കാൽമണിക്കൂറിന്നുള്ളി-
ലക്കൊച്ചുസഹോദരർക്കസ്തു ശാന്തിശ്ശാന്തിഃ !

Digitized By Kerala Sahitya Akademi

൬. അത്രയും കുറിയതാണു, വച്ചു നിയതിയാൽ
നിർദ്ദിഷ്ടമായുള്ളൊരു ജീവിതയാത്രാമാർഗ്ഗം;
പതിരുപോലുള്ള പാഴ്ച്ചിറകാൽപ്പാറിപ്പറ-
ന്നതിനെപ്പിന്നിട്ടല്ലോ കാണിനേരത്താലവർ.
മേലെയോ 'ശതായുസ്സാം' മനുഷ്യനിവയെക്കാൾ?
കാലമാം കടലിൻ കൊച്ചലകൾ, ശതാബ്ദങ്ങൾ!
ഒട്ടനാളഹംഭാവച്ചിറകാൽപ്പാറിത്തുള്ളും;
പെട്ടെന്നു മൃതിത്തീയ്യിൽ വീണു വെന്തടിഞ്ഞിടും;
അല്പജീവികൾ നാമും മർത്ത്യരേ, പ്രകൃതിതൻ
തൃപ്പുതുമഴയ്ക്കുണ്ടാവുന്ന പാററകളത്രേ!

---

Digitized By Kerala Sahitya Akademi

## VIII

# മറ്റൊരു ശാകുന്തളം

1. കൽത്തളയാകുന്ന ഭൂചക്രത്തിന്നൊരു
പൊൽക്കുന്നാം മല്ലിക്കക്കൊട്ടാരത്തിൽ
ഉൽഭാസിക്കുന്നുണ്ടിബ്ഭാരതത്തിന്റെയ-
ശ്ശില്പപ്രഭാവത്തിൻ നഷ്ടശിഷ്ടം.
പണ്ടിന്ദ്രപ്രസ്ഥത്തെ നിർമ്മിച്ച ശില്പിതൻ
കൊണ്ടാടപ്പെട്ട ദിവ്യത്വത്തിന്റെ
രണ്ടുനാലിറ്റെങ്ങാനുൾച്ചേർന്നോ, ഹർമ്മ്യമി-
ത്തുണ്ടാകും ഭൗമമാം കൈഞെരമ്പിൽ!

ഇപ്പള്ളിമേടയിൽ നീളെ വെളിപ്പെട്ട
നൽപ്പണിച്ചന്തവും നവ്യതയും
ന്താറിരട്ടിച്ചിട്ടുണ്ടല്ലോ തന്നാനാലം-
കാരശതങ്ങളിലോരോന്നാലും.

തത്ര വേണ്ടേടം വെട്ടുപ്പിൽ വെച്ചിട്ടുള്ള
ചിത്രപ്രതിമാദികങ്ങളെല്ലാം
നൈസർഗ്ഗികത്വത്തിൻ നേരുപകർപ്പുകൾ;
വാസനതൻ വിചിത്രോദയങ്ങൾ!

കാണേണ്ടതല്ലാത്തൊന്നില്ലങ്ങു; കണ്ണിനോ,
കാണുന്നതോരോന്നും കമ്രോത്സവം:
ആനന്ദമാത്രപ്രപഞ്ചമൊന്നിങ്ങിനെ
മാനുഷൻ സൃഷ്ടിച്ചാനെന്നോ വേറ്റു!

Digitized By Kerala Sahitya Akademi

2. വിത്തം മനോധർമ്മമെന്നിവ വഷിച്ചീ
വിശ്രമമന്ദിരം തീപ്പ്ഷിച്ചപ്പോഠം,
ബുദ്ധിമാൻ മല്ലിക കേവലം സൽകലൊ-
സക്തനായോരു വിലാസശീലൻ;
ശ്രേഷ്ഠവിഭവമിക്കെട്ടിടം പില്പാട്ട
നാട്ടാക്കായ് വിട്ടുകൊടുത്തപ്പോഴോ,
നാടിനെസ്സേവിച്ചു പോന്ന നിസ്സംഗർതൻ
കോടിയിൽച്ചേന്നാനക്കോടീശ്വരൻ.

3. വാസ്സമിലകഠംതൻ വണ്ണപ്പകിട്ടിനാൽ-
പ്പൂക്കൽ നടിയ്ക്കും ചെടികഠംക്കെല്ലാം
മാലതിമല്ല്യാദിപുഷ്പസുഗന്ധത്തെ
ലീലയാ കൊണ്ടു കൊടുക്കവാനോ,
ഓടിനടക്കുന്നു മാരുതനി,മ്മണി-
മേടയെച്ചുററിയൊരുദ്യാനത്തിൽ !
പാടുന്നു പേത്തും വളത്തു പറവക-
ളാ,ട്ടന്നിതുഞ്ഞാലിലാഠംക്കരങ്ങൾ
കാടകവാഴ്ചയാം സ്വാതന്ത്ര്യം പോയതും-
കൂടി മറന്നപോലിമ്പമോടേ.

4. സൂരനു താഴേ പരന്നുകിടക്കുന്ന
പാരിൻ വിഭാഗമെല്ലാററിൽനിന്നും
തത്തദപൂവ്മഹാഘ്യപദാത്ഥങ്ങ-
ളെത്തിച്ചേന്നിട്ടുണ്ടിക്കൊട്ടാരത്തിൽ,
നാഥൻെറ വൻപണസ്സഞ്ചികഠം വായ്തുറ-
ന്നാദ്രതാശബ്ദം ക്ഷണിച്ചതിനാൽ.

Digitized By Kerala Sahitya Akademi

മല്ലിക്കകൊട്ടാരം—ശാകുന്തളം നോക്കി-
ക്കല്യമാം 'ഗീഥേ' കഥിച്ചപോലെ,
ദുർല്ലഭോദാരമനോഹരവസ്തുക്ക-
ളെല്ലാമടങ്ങിയീയൊററ വാക്കിൽ!
മല്ലിക്കാം വിക്രമാദിത്യന്റെ മാഹാത്മ്യ-
മുല്ലസിപ്പിച്ചിതോ യാതൊരാളെ,
അശ്ശില്പശാസ്ത്രമഹാകവി നിർമ്മിച്ച-
വെച്ച ശാകുന്തള,മിപ്രാസാദം !

Digitized By Kerala Sahitya Akademi

# IX

# പടവാളിന്റെ പുഞ്ചിരി

---

൧. വിരതസമാധിയാം താപസൻ പതിവുപോ-
ലരികേ കിടക്കുന്ന മാനിന്റെ മുതുകത്തായ്
വെച്ചരുളിനാൻ തപശ്ശുഷ്കമാം തൃക്കൈ—ശ്രദ്ധ-
വെച്ചനുഗ്രഹിച്ചാനസ്സാധുജീവിയെ വീണ്ടും.
ധ്യാനം വിട്ടിഹലോകസഞ്ചാരം തുടർന്നാലീ
മാനൊന്നേ മഹർഷിക്കു സുഖവിശ്രമദ്രവ്യം;
പല ഭാഗത്തുമിതിൻ പൂമെയ്യിൽപ്പതിച്ചിട്ടു-
ണ്ടുലകപ്പെരുമാൾതൻ തൂവെള്ളിത്തിരുനാണ്യം.
അപ്പുള്ളിമാനിൻ പതഞ്ഞൊഴുകും സൌന്ദര്യത്തി-
ലുൾപ്പുക്കു നനഞ്ഞുപോയ് മുനിതൻ നയനങ്ങൾ;
വിലസുമവയിലെ പ്രേമത്തെ നുകർന്നിതോ,
തല പൊക്കിയ മാനിൻ നിശ്ചലനെടുംകണ്ണും!

൨. ദർഭപ്പുൽത്തടുക്കൊന്നിലിരിക്കുമൃഷിയുടെ-
യപ്പർണ്ണശാലയ്ക്കുള്ളിലണഞ്ഞു യുവാവേകൻ,
തൽപ്പുരോഭാഗത്തൊരു നെടുതാംപടവാളും
സുപ്രണാമവുമർപ്പിച്ചാസ്ഥയാ നിലകൊണ്ടാൻ.
ധീമേറും മനുഷ്യന്റെ കൈവേലയാകും കൊല-
യായുധമവിദിതം തനിക്കെന്നിരിക്കിലും,
വാളതു നിശി നിലാവേറ്റൊരു നീർത്തോടെന്ന-
പോലവേ കിടന്നങ്ങു പുഞ്ചിരി പൊഴിക്കിലും,

Digitized By Kerala Sahitya Akademi

ആയിരിമ്പലകിനെക്കണ്ടു കിഞ്ചന ചൂളി-
പ്പോയിതാ മൃഗ,മതിൻ സഹജജ്ഞാനംമൂലം.

൩. സത്വവാനുടെ സൌമ്യനോട്ടമാം ചോദ്യത്തിന്നി-
യുത്തരമത്രേ തൊഴുതാഗതനുണർത്തിച്ചു:—
ഞാനൊരു യോദ്ധാവു്,എൻെറ ബന്ധുവിപ്പോർ-
വാഠം പുണ്യ-
സ്ഥാനമാം നിൻതൃക്കാല്ക്കൽച്ചെററ വിശ്രമിയ്ക്കാവൂ!
ആറേഴുമാസംകൊണ്ടെൻ തീർത്ഥസഞ്ചാരം സാധി-
ച്ചാരാൽ വന്നിതിനെ ഞാൻ തിരിയേ വാങ്ങിക്കൊ
ഏഞ്ങഹിംസാരാധനാ,മെഞ്ങായുധാങ്ഗീകാരഃ- [ള്ളാം!
മെങ്കിലും ഫലിതാശനായ്ത്തന്നെ പോയാൻയോധൻ.
ഏതൊരർത്ഥനത്തേയും തള്ളുവാൻ പദം പണ്ടി-
ല്ലൌ,ദാർഢ്യവത്താമാഷരാജ്യത്തിൻ വിഘണ്ടുവിൽ!

൪. നിക്ഷേപഗ്രഹത്താലാ നൈഷ്ഠികൻ പെട്ടെന്നങ്ങു
രക്ഷിയ്ക്കപ്പെടേണ്ടുന്നൊരുണ്ണിതൻ പിതാവായ്പ്പോയ്.
അന്യന്നായ്ച്ചുമന്നാനീ വസ്തുരക്ഷണഭാരം
സന്ന്യസ്താഖിലകർമ്മാവാകുമശ്ശമധനൻ.
എന്നാലുജ്ജ്വലരത്നപ്പൊൻപിടിപ്പടവാളി-
തെങ്ങു സൂക്ഷിയ്ക്കും, തൻെറ കച്ചിലക്കുടിലിലോ?
ന്യാസത്തെ ത്യജിച്ചാലോ, ധർമ്മവും ത്യക്തം; വാഠംകാ
ന്യായജ്ഞൻ നിലവറയാക്കിനാൻ സ്വഹസ്തംതാൻ.
അന്നുതൊട്ടു,നഘാത്മാവാർകളിൽക്കളിപ്പാനാ
ക്ഷുന്നിവൃത്തിയ്ക്കു വരിനെന്മണി പെറുക്കാനോ

Digitized By Kerala Sahitya Akademi

പുറത്തെഴുന്നെള്ളുമ്പോഴൊക്കെ വേട്ടക്കാര-
നൊരുവൻപോലെ കാണായ് ഖഡ്ഗപാണിയായ്-
ക്കാട്ടിൽ.

യന്ത്രിതേന്ദ്രിയനായി പ്രാണനെ നിരോധിച്ചു
തന്തിരുവടി തത്ത്വധ്യാനത്തിലാഴുമ്പോഴോ,
ദർഭപ്പുൽവിരിപ്പിന്റെ ചുവട്ടിലൊളിച്ചിരു-
ന്നല്പാല്പമിളിച്ചുകാട്ടീടുമക്കരവാളം;
അല്ലിങ്കൽക്കിടക്കുമ്പോളതുമക്കിടാവെപ്പോ-
ചെല്ലണിമാറിൽച്ചേർത്തിട്ടുണ്ടാവും കൃപാണത്തെ—
വല്ലഭയോടു നവഗൃഹസ്ഥൻപോലാ, ഖഡ്ഗ-
വല്ലിയോടൊരിക്കലും വേർപിരിഞ്ഞീലദ്ദേഹം!

൩. ഒരുനാളവിടുന്നു മൂർച്ചനോക്കാനാവാൾകൊ-
ണ്ടൊരു മുൾച്ചെടി വെട്ടിമുറിച്ചാൻ വനമാർഗ്ഗേ;
കഷ്ട,മക്കൃപാഗ്രന്നിക്കൈപ്പിഴയൊന്നാമത്തെ
വെട്ടായി, വിപുലമാം തപസ്സിൻതായ്വേരിയിന്മേൽ!
ഒററ വെട്ടിനു ചെടിയററുവീണതു കണ്ടു
പിന്നൊന്നും രസം തോന്നി വാൾവീശാൻ മുനിക്കയ്യോ!
മറെറന്തു; മറിമായക്കാരിയാം ഹിംസാവേശ്യ-
യൊററ നോട്ടത്താൽ വശത്താക്കുന്നു വശിയെയും;
തൊട്ടമാത്രയ്ക്കു നമ്മൾ കുടുങ്ങിദ്ദഹിച്ചുപോം-
മട്ടൊത്തതത്രേ ഹിംസയെന്ന വൈദ്യുതയന്ത്രം!
വളർവള്ളികൾ മുനിവര്യന്റെ വാൾവെട്ടേററു
തളരുമിലകളാൽക്കൺചിമ്മി നിലംപൊത്തി;
ചില്ലക്കൊമ്പുകൾ വെട്ടിവീഴ്ത്തിയ വിടപിക-
ളല്ലലാൽ വിറകൊണ്ടു തൂമലർക്കണ്ണീർ തൂകി!



Digitized By Kerala Sahitya Akademi

൯. മാനിനെ സ്നേഹത്തോടേ മയത്തിൽത്തലോടിയ
പാണിതൻ കൃപാണികാസങ്ഗജം ഹിംസാകൎമ്മം
കൈവളരുകയായി കേവലക്രൌൎയ്യത്തോടേ
സ്ഥാവരങ്ങളിൽപ്പോലേ ജംഗമങ്ങളിലും ഹാ!
സൌമ്യത വിടവാങ്ങി സാധുവിൻ മുഖത്തോടാ;-
ബ്രാഹ്മതേജസ്സോ, രൌദ്രജ്വാലയായ് വേഷംമാറി.
കാഞ്ചനംപോലേ തെളിഞ്ഞിരുന്ന ചിത്തം ക്രമാൽ-
ക്കാരിരിമ്പായിത്തീൎന്നു, കൈക്കൊണ്ടു പോർവാൾ
(പോലേ.

മാനുകൾ പുൽമ്മെത്താനും വെടിഞ്ഞു കുതിച്ചോട്ടം
കാനനസ്ഥലത്തി വാൾക്കാരനെ ദൂരേ കണ്ടാൽ;
മഴവില്ലൊളി വീശും പീലികൾ ചുരുക്കിക്കൊ-
ണ്ടുഴറി മരക്കൊമ്പിൽപ്പതുങ്ങും മയിലുകൾ;
പക്ഷികൾ ഗാനം നിൎത്തിച്ചിക്കെന്നു പറന്നുപോം,
വിക്ഷതാത്മാവിന്റെയദ്ദിവ്യസിദ്ധികൾപോലേ!

പണ്ടാർതന്നഹിംസയെക്കൊയ്യാനോ, തപോഭീത-
നണ്ടർകോൻ ഭടനായ്ച്ചെന്നൎപ്പിച്ച വാളേ, നിന്നെ,-
അറിഞ്ഞീലശ്ശുദ്ധൻ നിൻപുഞ്ചിരിയുടെ സാരം:
നരകം വൃകിച്ചല്ലോ സ്വൎഗ്ഗ്യജീവിതത്തെ നീ!

Digitized By Kerala Sahitya Akademi

# X

# ഘോരനിളക്കണം

കസ്തൂരിയ്ക്കൊപ്പം കറുപ്പാർന്ന കാർകളും
കർപ്പൂരശുഭ്രങ്ങളഭ്രങ്ങളും
സൌഖ്യമായ്ത്തോളോടുതോൾചേർത്തുലാത്തുന്നോ-
രൈക്യമൈതാനമാമാകാശവും;
സഹ്യന്റെ പിന്നിൽനിന്നുത്ഥാനംചെയ്യുന്ന
സൽപ്രഭാതത്തിന്റെ സൌഭാഗ്യവും;
വൻപശ്ചിമാർണ്ണവാംഭസ്സിലതാതിടം
ചെമ്പവിഴത്തെ മുളപ്പിപ്പതായ്,
വാനത്തു കാഞ്ചനപ്പോള പതിപ്പതാം
സായന്തിനേരത്തിൻ കൈത്തൊഴിലും;
ചന്ദനൈലാദിസുഗന്ധിവനങ്ങളാൽ-
സ്സുന്ദരാത്മാക്കളാം പർവ്വതങ്ങൾ
മാനിച്ചാനങ്ങാതെ നിന്നു ചെവിക്കൊള്ളും
നാനാതരംഗിണീ സംഗീതവും;
അങ്ങിങ്ങു വേലി ചുഴന്ന വളപ്പിങ്കൽ-
പ്പൊങ്ങിയ പച്ചനിറത്തിനുള്ളിൽ
ത്തൂമയിൽക്കാണാകും വീടോരോന്നിന്റെയും
പൂമുഖത്തൌദാര്യപ്പുഞ്ചിരിയും;
സാഹായ്യത്തിന്നുണ്ടു സംസ്കൃതം, സർവ്വദാ
സാക്ഷാൽത്തമിഴുണ്ടു ശുശ്രൂഷിപ്പാൻ

Digitized By Kerala Sahitya Akademi

ഇങ്ങിതെയ്യുള്ളൊരു ഭവ്യയാം ഭാഷതൻ
മഞ്ജുല്യസല്ലാപമാധുരിയും;
വെള്ളവസ്ത്രങ്ങളിലൂടേ വെളിപ്പെട്ട
ഹൃല്ലീനസത്വഗുണോദ്രേകവും;
സല്ലാസ്യയുക്തമാം കൈകൊട്ടിപ്പാട്ടാലും
വില്ലൊലി'പ്പൂവിളി'ഘോഷത്താലും,
ജേതാവാം മാബലിയാൾതൻ കാഹള-
മൂതുന്നോരോണമഹോത്സവവും;
മീതേ നഭസ്സിലെത്താരവും, താഴത്തു
സാധുസരസ്സിലെ നൈതൽപ്പൂവും
തമ്മിൽ നിരീക്ഷിച്ചു നമ്മങ്ങൾ മന്ത്രിക്കും
നിർമ്മലശാരദരാത്രികളും;
നാട്യ,മതിന്റെ സമുൽക്കടകോടിയെ-
ക്കാട്ടാൻ തുറന്ന കൂത്തമ്പലവും;
നാട്യമാം നല്ക്കല ദിഗ്ജയം നേടി നി-
ന്നാട്ടം മുതിർക്കുന്ന പന്തൽകളും—
പാരിലിതൊക്കെത്തികഞ്ഞൊരു നാടേതു?
കേരളം, കേരളം, കേരളമേ!

ആജന്മശുദ്ധമാമേതിനെത്തെക്കടൽ-
വീചികൾ ഭക്ത്യാ കഴുകിടുന്നു,
ആഷ്ഭൂവിന്റെയാപ്പൂജ്യമാം തൃപ്പാദ-
മാകുന്നു നമ്മൾ പിറന്ന രാജ്യം;
പാവനവൃത്തയാം ഭാരതഭൂമിതൻ
പാദസംസേവികൾ നമ്മൾതന്നെ.

Digitized By Kerala Sahitya Akademi

നാനാവിചാരരായ്, നാനാവിഹാരരായ്,
നാനാപ്രകാരരായ് നാളു കഴിപ്പാൻ
ഏതു വിദേശത്തു പോന്നു വസിച്ചാലു-
മേകാംബാപുത്രർ നാം കേരളീയർ.
നീരിൽത്താർമാതിൻെറ പീലിക്കുടകളാം
കേരങ്ങൾതൻ പട്ടു ചെററിളക്കി,
പേരാററിൽ,പ്പമ്പയിൽ,ത്തൂപ്പുഴയാററിലും
പാറിക്കളിക്കുന്ന പൈംകാററല്ലോ,
ദൂരവിദേശസ്ഥരാകിലും നമ്മൾക്കി-
ങ്ങോരോരോ വീർപ്പിലുമുൽഗ്ഗമിപ്പൂ!
കേരളജാതർ നാമെങ്ങെങ്ങു പാർത്താലും
കേരളനാട്ടിൽത്താനത്രേ വാഴ്വൂ:
ദൂരദൂരങ്ങളിലാചരിക്കുമ്പോഴും
സൂരനിൽത്താനല്ലോ തദ്രശ്മികൾ!
ദേശാന്തരമിതു ഭോഗ്യസമൃദ്ധിയാൽ-
ദ്ദേവലോകോപമമായിരിക്കാം;
സ്വർഗ്ഗത്തിൽ വാണാലും നമ്മുടെ നോട്ടമാ,
ത്തൂകേരളത്തിൻ മുഖത്തേയ്ക്കുതാൻ!

മാനവശ്രേഷ്ഠരേ, നിങ്ങൾതന്നുന്നത-
സ്ഥാനവും, ജ്ഞാനവും, സർവസ്വവും
കാണിക്കവെയ്ക്കുവിൻ, മാതൃഭൂവാകുന്ന
റാണിതൻ തൃപ്പാദപ്പൊൽപ്പീഠത്തിൽ.
പായുകയല്ല, പറക്കുകയാണല്ലോ
പ്രാപ്യത്തെ പ്രാപിപ്പാനിന്നു ലോകം;

Digitized By Kerala Sahitya Akademi

ചേത്തുബന്ധിപ്പിനതിന്റെ ചിറകിന്മേൽ
സ്വാത്മവിചിന്തനങ്ങളെ.
ഇല്ലാഞ്ഞിൽ,പ്പക്ഷിതൻ പിമ്പിലെവമ്പായ്പ്പോ-
കില്ലയോ കേവലമസ്സ്വാരാജ്യം!

ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം;
കേരളമെന്നു കേട്ടാലോ, തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ!

Digitized By Kerala Sahitya Akademi

# ടിപ്പണി

## കാത്തിരിക്കൽ

ഇംഗ്ലീഷിൽ Sonnet (ഗീതകം) എന്നു പറയുന്ന ഒരു പ്രസ്ഥാനവിശേഷത്തെ അനുസരിച്ചെഴുതിയ ഒരു ലഘുഗാഥയാണിത്. ഗീതകത്തിൽ സാധാരണ പതിന്നാലുവരി വേണമെന്നാണ് നിയമം. ഇതിൽ പന്ത്രണ്ടുവരിയേ ഉള്ളു.

൧. നിസ്സ്വം = ഏററവും ശൂന്യം. എൻനഭോമണ്ഡലം—എന്റെ ജീവിതാന്തരീക്ഷം; എന്റെ ജീവിതം ദുഃഖപരിപൂർണ്ണമാണെങ്കിലും. കല്യാണരൂപങ്ങൾ = മംഗളസ്വരൂപങ്ങൾ. ദുഃഖമയമായ ആ ജീവിതം എപ്പോഴെങ്കിലും സുഖത്തിന്റെ കിരണങ്ങൾ തട്ടി പ്രകാശിക്കാവുന്നതാണ്. ചിത്രം = നാനാനിറമുള്ള. (മഴവില്ലിനു നാനാനിറമുണ്ടല്ലോ.) അല്പനേരത്തിനാൽ . . . . . . ചിരം = ദുഃഖങ്ങളുടെ ഇടയിൽ ഉണ്ടാവുന്ന സുഖം ക്ഷണികമാണെങ്കിലും, അതു മതി എന്നു താൽപര്യം. നീലാഭ്രഭീതം = കറുത്ത മേഘങ്ങളിൽനിന്നു ഭയപ്പെട്ടു. സാധാരണ മയിലുകൾക്കു നീലാഭ്രം ആഹ്ലാദപ്രദമാണ്; എന്നാൽ, അത് എന്റെ മനസ്സാകുന്ന മയിലിന്നു ഭീതിയെ ഉണ്ടാക്കുന്നു. എങ്കിലും, 'ഇപ്പൂളുകാഴ്ച' ഇതിനേയും ആഹ്ലാദനൃത്തം ചെയ്യിക്കാൻ മതിയാവും. എന്മയൂരം=എന്റെ മനസ്സാകുന്ന മയിൽ. നൃത്തമാടിക്കുവാൻ—എന്റെ ജീവിതത്തിൽ വല്ലപ്പോഴും ഉണ്ടാവുന്ന ആ സുഖാനുഭവം മതി, എ

Digitized By Kerala Sahitya Akademi

ന്നു വളരെക്കാലത്തേയ്ക്ക് ആനന്ദതുന്ദിലനാകാൻ. കാലാനുകൂല്യം = കാലത്തിന്റെ അനുകൂലഭാവം—നല്ല കാലം. താവകാഭ്യാഗമം = അങ്ങയുടെ—ആ നല്ല കാലത്തിന്റെ—വരവ്.

---

# ആൽപ്രദിക്ഷണം

---

൧. തരുണഭാസ്കരപ്രദീപം = ബാലസൂര്യനാകുന്ന വിളക്ക്. അരുണാംബര = ചെമപ്പുവസ്ത്രം ധരിച്ചവൾ (അംബരം: വസ്ത്രമെന്നും ആകാശമെന്നും.) ഉഷസ്സന്ധ്യ = പുലർകാലം. പത്രാന്തരച്യുതാതപമിഷാൽ = ഇലകളുടെ ഇടയിലൂടെ വീണ വെയിലെന്ന വ്യാജേന. പ്രഭാതത്തിലെ ഇളവെയിൽ ആലിലകളിലൂടെ അങ്ങിങ്ങു പതിച്ചതായി കാണുമ്പോൾ, ആൽവൃക്ഷം ഉഷസ്സന്ധ്യയാൽ പാലുകൊണ്ട് അഭിഷേചിയ്ക്കപ്പെട്ടുവോ എന്നു തോന്നും! ദളാഗ്രങ്ങൾ = ഇലകളുടെ അററങ്ങൾ. തുഹിനബിന്ദുക്കൾ = മഞ്ഞിൻകണങ്ങൾ. മഞ്ഞുതുള്ളികൾ കാണുമ്പോഴാകട്ടെ, അഭിഷേകസമയത്തു പാൽത്തുള്ളികൾ തെറിച്ചതായിത്തോന്നുന്നു!

൨. അവേക്ഷ്യം = കാണാവുന്നത്. അവിരളോത്സവം = അനല്പമായ ഉത്സവം. ഇലകളുടെ ഇടയിലൂടെ ആകാശത്തു പുലരിത്തുടുപ്പു കാണുമ്പോൾ, അവിടു പൊട്ടിച്ചിതറിപ്പരന്നതിന്റെ കാഴ്ചയാണ് കണ്ണിന്നനുഭവപ്പെടുന്നത്.

൩. മഹിതചര്യമാർ = നല്ല ദിനചര്യയോടുകൂടിയവർ. അഹർമ്മുഖ . . . . . ഗാത്രിമാർ = പ്രഭാതസ്നാനംകൊണ്ടു മിനുസപ്പെട്ട ശരീരത്തോടുകൂടിയവർ. മഷീമേചകങ്ങൾ =

Digitized By Kerala Sahitya Akademi

മഷികൊണ്ടു കറുത്തവ. മൂന്നാമത്—കുചങ്ങളാകുന്ന രണ്ടു താമരമൊട്ടുകളുള്ളതുകൊണ്ടു ക്ലിപ്തൈക മൂന്നാമത്തേതാവുമല്ലോ. കരതാരുകൾ . . . . നിന്നെ—കുലസ്ത്രീകൾ തങ്ങളുടെ കൈകളുടെ മാർദ്ദവത്തെ അത്ര വകവെയ്ക്കുന്നില്ല. സ്ത്രീകളുടെ വീക്ഷണത്താൽ മയിലെൾമരവും, സ്പർശനത്താൽ ഞാഴൽമരവും, മന്ദഹാസത്താൽ ചമ്പകവും പുഷ്പിക്കുമെന്നു പ്രസിദ്ധി.

൮. ഗിരി......മൂർത്തി = പർവ്വതക്കൊടുമുടിപോലെ ഉയർന്നു വിശാലമായ ആകാരത്തോടുകൂടിയത്. നീ, ഗംഗയുടെ ചുഴിയിൽ കാണപ്പെടുന്ന ഗിരിശൃംഗംപോലെയായി.

൯. മടവാർ = സ്ത്രീ. മൃദുഹസിതം = പുഞ്ചിരി. പടുമധുവ്രതം = വലിയ തേൻകൊതി. ചമ്പകത്തിന്റെ കടുത്ത മണം വണ്ടുകൾക്കു തീരെ അസഹ്യമത്രെ. സ്ഫുടപ്രഭാവം = മേന്മ വെളിപ്പെടുത്തി. കനകഭൂഷണപടലം = സ്വർണ്ണാഭരണക്കൂട്ടം. ചമ്പകങ്ങൾ പൂക്കളാകുന്ന സ്വർണ്ണാഭരണങ്ങളണിഞ്ഞു നില്ക്കുന്നതു കണ്ടാൽ, കസവിൽ മുങ്ങിയ പ്രഭുക്കളെങ്ങിനെയോ അങ്ങിനെ സ്വധനാഢ്യതയെ കാണിക്കുന്നതുപോലെ തോന്നും. സുധന്യം = ഏറ്റവും ധന്യമായിട്ടുള്ളത്. സുധ....... കുടങ്ങളെ = മധുരജലം ഉള്ളിലുള്ള തേങ്ങകളെ. സയത്നം = ആയാസത്തോടെ. സുധാശനപദം—തേങ്ങ സമൃദ്ധമായി നില്ക്കുമ്പോൾ, മേല്പോട്ടുയരാൻ ബുദ്ധിമുട്ടുണ്ടാവുമല്ലോ. തെങ്ങുകൾ തങ്ങളുടെ അമൃതു നിറഞ്ഞ പൊൻകുടങ്ങളെ അമൃതു കൈവശമുണ്ടെന്നു കരുതി അഭിമാനംകൊള്ളുന്ന ദേവലോകത്തിലേയ്ക്കു യർത്തിക്കാണിക്കുകയാണ്; ഇതു ദേവലോകത്തോടുള്ള ഒരു വെല്ലുവിളിയാണ്! മലയാദ്രി = മലയമെന്ന പർവ്വതം. യശ....... മരം = ചന്ദനം. ചന്ദനമരത്തെ മലയാദ്രിയുടെ യശോങ്കുരമായി രൂപണം ചെയ്തിരിക്കുന്നു. അലുബ്ധർ = പണക്കൊതിയില്ലാത്തവർ. മഥിതസമുദ്രജാതയായ അലക്ഷ്മി (ലക്ഷ്മിയുടെ

Digitized By Kerala Sahitya Akademi

ജ്യേഷ്ഠത്തി) ഭക്ത്യുക്തയായി വിലപിക്കെ, അവർക്ക് അരയാലാണ് പാർപ്പിടമായി നിശ്ചയിക്കപ്പെട്ടതെന്നും, അതിനാൽ, ജ്യേഷ്ഠത്തിയെ കാണ്മാൻ ലക്ഷ്മി വന്നുചേരുന്ന ശനിയാഴ്ചദിവസത്തിൽ മാത്രമേ അശ്വത്ഥത്തെ സ്പർശിച്ചുകൂടൂ എന്നും പുരാണവചനമുണ്ട്. ചംപകം സാധുവണ്ടുകളെ അടുപ്പിക്കാതെയും, തന്റെ ദേവലോകത്തെ വെല്ലുവിളിച്ചും, ചന്ദനം തന്റെ സുഗന്ധസംപത്തിനെ കാററാകുന്ന വിമാനത്തിലൂടെ എങ്ങും വ്യാപിപ്പിച്ചും നിന്നുകൊള്ളട്ടെ; ആ സംപത്തിലൊന്നും നമുക്കു കൊതിയില്ല. അരയാലത്രെ നമുക്കേവർക്കും വന്ദനീയമായിട്ടുള്ളത്. കാരണം, എല്ലാവരും ലക്ഷ്മിയെ അഭിലഷിച്ചുകൊണ്ടിരിക്കെ, അചലാത്മാവായ — ആത്മസ്ഥൈര്യമുള്ള — ഈ അശ്വത്ഥം അശരണയായ ചേട്ടക്കു ശരണീഭവിച്ച്, അസ്പൃശ്യതയെപ്പോലും വരിക്കുകയാണല്ലോ ചെയ്തത്. അഥവാ, ഋഷിനാട്ടുകാർക്കുണ്ടോ — ഭാരതീയർക്കുണ്ടോ — അസമബുദ്ധി (= സമചിത്തതയില്ലായ്മ)? അവരെസ്സംബന്ധിച്ചേടത്തോളം, ലക്ഷ്മിയും അലക്ഷ്മിയും, അമൃതിനായി കടയപ്പെട്ട പാല്ക്കടലിന്റെ രണ്ടു നുരകൾ മാത്രമാണ്! സർവോപരി, ശ്രീഭഗവതി ഇരുന്നരുളുന്ന പുഷ്പം — താമരപ്പൂവ് — ഒരു പകൽകൊണ്ടു വാടിപ്പോകുന്നു; അലക്ഷ്മിയുടെ പാർപ്പിടമായ അരയാലാകട്ടെ, യാതൊരു നാശവും പററാതെ, ഒരേനില്പിൽത്തന്നെ, നിരവധി നൂററാണ്ടുകൾ തന്റെ മുമ്പിലൂടെ കടന്നുപോയതിനെ ഇളകുന്ന ഇലകളുടെ കളമർമ്മരംകൊണ്ട് എണ്ണിക്കൂട്ടുന്നു! അനശ്വരത്വത്തിൻ സ്വരൂപമേ — 'അശ്വത്ഥസ്സർവവൃക്ഷാണാം' എന്നു ഗീത. അരയാലിനെ അനശ്വരത്വത്തിന്റെ സ്വരൂപമായി കല്പിച്ചിരിക്കയാണ്. നിങ്കലണഞ്ഞ ....... അകൃത്രിമമെന്നതും — അരയാലിന്റെ സമീപത്തുചെന്നാൽ, അതിന്റെ അപാരതന്ത്ര്യം — അസ്വാതന്ത്ര്യമില്ലാത്ത അകൃത്രിമമായ ഔന്നത്യം

Digitized By Kerala Sahitya Akademi

(ഉയരമെന്നും ഉൽകൃഷ്ടതയെന്നും) ആരുടെ നോട്ടത്തെയാണ് അപാരതയിലേയ്ക്കുയർത്താതിരിയ്ക്കുക? അപാരത—ബ്രഹ്മം; ആകാശമെന്നും. ആലിന്റെ ഉയരം നോക്കുന്ന കണ്ണ് ആകാശത്തെത്തുമല്ലോ.

൬. അസ്പൃശ്യതയ്ക്കു പുറമേ, വേറെയും പല കുറവുകളുമുണ്ട് അശ്വത്ഥത്തിന്. ഉദിതങ്ങൾ = ഉദിച്ചവ. ഉഡുക്കൾ = നക്ഷത്രങ്ങൾ. രാത്രിയിൽ ഇലപ്പഴുതിലൂടേ കാണാകുന്ന നക്ഷത്രങ്ങളെ പൂക്കളാക്കിക്കല്പിച്ചിരിയ്ക്കുന്നു. നതികർമ്മം = നമസ്കാരമാകുന്ന കർമ്മം; വന്ദനം. മററു പല വൃക്ഷങ്ങൾക്കും പൂക്കളുണ്ട്; സുഗന്ധമുണ്ട്; ഫലങ്ങളുണ്ട്. അശ്വത്ഥത്തിനിതൊന്നുമില്ല. എന്നാൽ ദാരിദ്ര്യവും, അലക്ഷ്മിയും, തീണ്ടിക്കൂടായ്മയും ഏവരെവരിലൊക്കെയാണോ, അവരവരൊക്കെയാണ് നമുക്കു സേവിക്കേണ്ടവരായിട്ടുള്ളത്. അവരാണ് നമുക്കു ചൂടിൽ തണൽ വിരിയ്ക്കുന്നത്—കഷ്ടപ്പാടിൽ സഹായമായി നില്ക്കുന്നത്. ബോധിദ്രു = അരയാൽ. പുരുശ്രുതദയാനിധി = വളരെ ജീവകാരുണ്യത്തിന്റെ ഇരിപ്പിടം. തഥാഗതൻ = ബുദ്ധൻ. തൽക്കുലച്ചെങ്കോൽ—ക്ഷത്രിയധർമ്മമായ രാജ്യഭരണം. സുനിർവ്വാണകന്ദം = മോക്ഷത്തിന്റെ കിഴങ്ങ്. പണ്ട് അരയാലിന്റെ ചുവട്ടിൽവെച്ചാണല്ലോ രാജത്വം ത്യജിച്ച ബുദ്ധനു ബോധോദയമുണ്ടായത്. ക്ഷതി = നാശം. ഹൃദയോ......ചനത്താൽ = ഹൃദയത്തിൽ ഉദിയ്ക്കുന്ന പ്രേമരസം (ജലം) കൊണ്ടുള്ള നനയാൽ. ദാരിദ്ര്യവും, അലക്ഷ്മിയും, അസ്പൃശ്യതയും ചേർന്ന കൂട്ടർക്കു നാം സുഖവാസം നല്കണം; അവരുടെ തൈകളെ (കുഞ്ഞുങ്ങളെ) സ്നേഹജലംകൊണ്ടു നനച്ചു വളർത്തണം. ഇന്ത്യയിലെ പാവങ്ങളെ ഓർക്കുക.

—:0:—

Digitized By Kerala Sahitya Akademi

# പുതുവർഷം

1. തൻമുമ്പർപോലെ=കഴിഞ്ഞ നൂററാണ്ടുകളെപ്പോലെ. ബാഷ്പാംഭസ്സ്=കണ്ണീരാകുന്ന ജലം. ഉദ്വഹിച്ചു=വഹിച്ച്. കരച്ചിലും ചിരിയും കൂടിക്കലർന്ന ഈ ശതാബ്ദനദിയും കാലത്തിന്റെ കടലിൽപ്പോയി ലയിച്ചു—കാലമാകുന്ന പാമ്പാട്ടി തന്റെ കൈക്കൂട്ടയിൽനിന്നു പുറത്തെടുത്തുവെച്ചു കളിപ്പിച്ചിരുന്ന ഈ നൂററാണ്ടും തന്റെ കളികളവസാനിപ്പിച്ച് ആ കൂട്ടയിൽത്തന്നെ കടന്നുകൂടി.

2. ലോകമുണ്ടായ നാൾതൊട്ട് കണക്കാക്കുകയാണെങ്കിൽ വളരെ വളരെ നൂററാണ്ടുകൾ കഴിഞ്ഞുപോയി. എങ്കിലെന്ത്? എത്ര ജലം ആവിയായിപ്പോയാലും സമുദ്രം സദാ പൂർണ്ണംതന്നെ. അപ്രകാരം കാലത്തിന്റെ അക്ഷയഭണ്ഡാഗാരത്തിനും യാതൊരു കുറവും വന്നിട്ടില്ല. അതിൽ എണ്ണമററ ശതാബ്ദങ്ങൾ ഇനിയും ഉദയംകൊള്ളാൻ കാത്തുകിടപ്പുണ്ട്. ആദിയില്ലാത്ത—ചരിത്രജ്ഞന്മാർ ലോകാരംഭത്തെ തിട്ടപ്പെടുത്തിപ്പറയാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, ആ യത്നം ഇന്നും സഫലീഭവിച്ചിട്ടില്ലല്ലോ; എന്നിട്ടും കേരളത്തെസ്സംബന്ധിച്ചേടത്തോളം, ഇന്ന് ആയിരത്തൊരുനൂറുവയസ്സേ ചെന്നിട്ടുള്ളു! പരാർദ്ധാന്തസംഖ്യ=പരാർദ്ധംവരെയുള്ള സംഖ്യ. പരാർദ്ധം=കോടിക്കോടിക്കണക്കിലുള്ള ഒരു തുക. എല്ലാററിനും തന്നെ അതിർവര ഇട്ടുപോരികയെന്നതാണ് മനുഷ്യന്റെ ശീലം. അങ്ങനെ അളവില്ലാത്ത കാലത്തിനും അതിർകല്പിച്ച് അയാൾ തൃപ്തിയടയുകയാണ്! പൈതൽക്കൊപ്പം—ഒരു കുട്ടിക്ക് ഒരു പൂവിന്റെ ഇതളുകൾ പറിച്ചെറിയുന്നതിൽ എത്രകണ്ട് ഉദാസീനതയുണ്ടോ, അത്രകണ്ട് ഉദാസീനതയോടുകൂടി.

Digitized By Kerala Sahitya Akademi

മനുഷ്യരെസ്സംബന്ധിച്ചേടത്തോളം—അവരുടെ കൎത്തവ്യങ്ങളെസ്സംബന്ധിച്ചേടത്തോളം—കാലം തീകച്ചും ഉദാസീനമാണെന്നൎത്ഥം. എന്നാൽ മനുഷ്യനു കാലത്തെസ്സംബന്ധിച്ചിടത്തോളം അങ്ങനെ ഉദാസീനത കൊള്ളാൻ നിവൃത്തിയില്ല. കാരണം, ഓരോ വത്സരം കഴിയുംതോറും അയാളുടെ ആയുഃപുഷ്പത്തിന്മേൽനിന്ന് ഓരോ ഇതൾ കൊഴിഞ്ഞുപോവുകയാണ്; വയസ്സു കൂടിക്കൂടിവരികയാണ്; അയാൾ മരണത്തോടടുക്കുകയാണ്.

൩. ജ്ഞേയം = അറിയേണ്ടത്. പ്രാഭാതവേള = പ്രഭാതം. ഭൂതസംഹൎത്താവ്=യമൻ. ഓരോ ദിവസം കഴിയുംതോറും കാലന്റെ കയർ നമ്മെ അധികമധികം സമീപിക്കുന്നതുകൊണ്ട്, നമ്മുടെ ധൎമ്മത്തെ—കൎത്തവ്യത്തെ—അനുഷ്ഠിക്കുന്നതിൽ നാം കൂടുതൽ കൂടുതൽ ജാഗരൂകരാകണം.

൪. ദീൎഘ . . . . ദൈന്യങ്ങൾ=നീണ്ടുനില്ക്കുന്ന ദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും വേദനമൂലമുളവാകുന്ന ദൈന്യങ്ങൾ. മാറാതെ.....വഴിയായി—കൊല്ലംതോറും അഞ്ചാറുമാസം നീണ്ടുനില്ക്കുന്ന കാലവൎഷംഹേതുവായി. ഈ കാലവൎഷം കേരളത്തെ സസ്യാഢ്യവും ധിഭവസമൃദ്ധവുമാക്കിത്തീൎക്കുന്നുണ്ട് എന്നല്ല, സ്വൎഗ്ഗത്തെപ്പോലെ ഐശ്വൎയ്യപൂൎണ്ണവുമാക്കുന്നുണ്ട്. എന്നിട്ടും ജനങ്ങൾ മുഴുവൻ ദാരിദ്ര്യംകൊണ്ട് എരിപൊരികൊള്ളുകയാണ്. ചന്ദനമരിചൈലാസുഗന്ധി=ചന്ദനം, കുരുമുളക്, ഏലം മുതലായവകൊണ്ടു സുഗന്ധമുള്ള. വാതസ്കന്ധം=വായുമണ്ഡലം. ദീനർ=ദാരിദ്ര്യാദിദുഃഖിതർ. ഇതിനൊക്കെ കാരണം നമ്മുടെ ആലസ്യവും അനൈക്യവുമാണ്. സ്വാൎത്ഥസംസക്തി=തൻകാൎയ്യത്തിലുള്ള ആസക്തി. ജാതി—മതസ്പൎദ്ധകൾമൂലമാണ് ഒരുകാലത്തു കോൎത്തുപിടിച്ചിരുന്ന നമ്മുടെ കൈകൾ ഇത്രയുമധികം അകന്നു

Digitized By Kerala Sahitya Akademi

പോയതു്. ഇതു വീണ്ടും മുറുകെ കോൎത്തുപിടിച്ചാൽ, കേരളത്തെ ഈ ദുഃസ്ഥിതിയിൽനിന്നു് ഉദ്ധരിപ്പാൻ നമുക്കു കഴിയും—ഇല്ലെങ്കിൽ, കഴിയില്ലതാനും. പാതാളത്തിലല്ലയോ—അത്യധികം അധഃപതിച്ചിരിക്കുന്നു. ആരുടെ തോട്ടത്തിലെ കിളി—തുഞ്ചത്തെഴുത്തച്ഛന്റെ കിളി. നിരുദ്ധ....മദ്വൈതത്തെ=യാതൊരു ദുഃഖവുമില്ലാത്ത സ്വാതന്ത്ര്യത്തിനുള്ള ഒരേ ഒരു വഴിയാകുന്ന അദ്വൈതത്തെ (രണ്ടെന്നുള്ള ഭാവം ഇല്ലായ്മയെ). ആ കേരളത്തിന്റെ മക്കളാണു് നാം; എല്ലാവരും മനുഷ്യരുമാണു്; ഇതിൽ ജാതി—മതാദിവഴക്കിന്നൊന്നും ഇടമില്ല—എന്ന മഹത്തായ ആദൎശത്തെ പുലൎത്താനായി ഈ പുതുവൎഷം പ്രയോജനപ്പെടട്ടെ! കനിഞ്ഞു്—കഴിഞ്ഞ പുതുവൎഷങ്ങൾക്കൊന്നും ഇങ്ങിനെയൊരു ദയ ഉണ്ടായിട്ടില്ല; ഇതിന്നെങ്കിലും അതുണ്ടാവട്ടെ എന്നു വ്യംഗ്യം.

# നിൎവ്വാണമണ്ഡലം

൧. വിശ്രാന്തി: വിശ്രമം. "അല്പാല്പ....അന്തിയെത്തനാൽ"—കാററു പുല്പരപ്പിലൂടെ കടന്നുപോകുമ്പോൾ ഓളം വെട്ടുന്നതായിത്തോന്നുമല്ലോ. അല്പകളുടെ വട്ടത്തിലുള്ള ചെറുപുഷ്പങ്ങൾ കണ്ടാൽ, ഈ പച്ചപ്പരപ്പിലെ വെളുത്ത നുരകളാണെന്നു തോന്നും. തത്തവൎണ്ണ....കന്ദളങ്ങൾ— പച്ചപ്പില്ലാതെ ഒരിടവും ഇല്ല. കന്ദളങ്ങൾ = മുളകൾ. തത്തവൎണ്ണ....ആഹ്ലാദനവും—വഴിനടന്നു ക്ഷീണിച്ചു വിശ്രമം തേടിച്ചെല്ലുന്ന അധ്വഗൻ—കവി—തനിക്കു സ്വാഗതമരുളിനില്ക്കുന്ന ആ മൈതാനത്തിന്റെ പച്ചപ്പിനെ തന്റെ നേൎക്കു

Digitized By Kerala Sahitya Akademi

ളള അനുകമ്പയാലും (അനുകമ്പ പച്ചനിറമാണത്രെ.) പാൎശ്വച്ചെടികളിലുള്ള താമരകളെയും തളിരുകളെയും തന്റെ മേപരിലുള്ള സ്നേഹവും ആഹ്ലാദവുമായും കല്പിക്കുന്നു. സ്വന്തം അനുഭൂതി അവിടെക്കാണുന്ന ഓരോ വസ്തുവിലും പ്രതിഫലിക്കുന്നതായി കവിക്കു തോന്നുന്നു.

൨. മരതകക്കല്ലു പതിച്ചേടം—പുല്ലുകളുടെ മുളകൾ കണ്ടാൽ, മരതകക്കല്ലുപോലെ തോന്നുമല്ലോ. എന്നുകൾ...... കൊട്ടാരത്തിൽ— ആ രാജോചിതമായ വിശ്രമഭവനത്തിൽ, താൻ ശില്പാഢ്യമായ ഒരു കൊട്ടാരത്തിൽ വാഴുന്നതായും, മുകളിലുള്ള ആകാശമണ്ഡലം തന്റെ വെൺകൊററക്കുടയായും തോന്നുന്നു. ചുട്ടു.....ദൈവം—ദുഃഖിതരെ ആശ്വസിപ്പിപ്പാൻ മനുഷ്യൻ മറന്നുപോകാവുന്നതെങ്കിലും, ദൈവത്തിന്നു് അത്തരം അന്ധാളിത്തമില്ല; എന്നല്ല, അതിലൊട്ടും പിശുക്കമില്ല.

൩. എന്നുടെ.......വ്യോമാന്തത്തിൽ—അങ്ങനെ ചക്രവൎത്തിപട്ടം കിട്ടിയ തനിക്കു് ഒരു ചെങ്കോലുള്ളതിൽ അസാംഗത്യമില്ലല്ലോ. പശ്ചിമാകാശത്തിലെ സന്ധ്യാരാഗത്തെ തന്റെ സങ്കല്പച്ചെങ്കോലിന്റെ ചിന്നലുകളായി കല്പിച്ചിരിക്കുന്നു. മേക്കു് = പടിഞ്ഞാറു്. ഇങ്ങനെ ഏററവും സാധാരണനായ എന്നെപ്പോലും സൽക്കരിച്ച പ്രകൃതിയുടെ സമഭാവനയെ കവി ശ്ലാഘിക്കുന്നു—കൊള്ളാ......ചെയ്യാൻ—ഇത്യാദി നോക്കുക. കൃത്രിമങ്ങളായ മേല്ക്കീഴുകൾ—കറുത്തവനെന്നും വെളുത്തവനെന്നും, ആൎയ്യനെന്നും അനാൎയ്യനെന്നും കല്പിക്കുകയെന്ന മനുഷ്യന്റെ പതിവു പ്രകൃതിക്കുണ്ടോ സമ്മതമാവുന്നു!

൪. ഉപാന്തോദ്യൽ = അററത്തു പൊങ്ങിനില്ക്കുന്ന. കാശം = കതിരവാൽപ്പുല്ലു്. ജലാധാരം = ജലാശയം. യഥാൎത്ഥ

Digitized By Kerala Sahitya Akademi

മായ ഗുണം മൂടിവെച്ചാലും വെളിപ്പെടുകതന്നെ ചെയ്യും. പൂഞ്ചിരി..... ആമ്പൽപ്പൂവേ—തന്റെ മനോവൃത്തിയിൽ പങ്കുകൊള്ളാൻ കവി ആമ്പൽപ്പൂവിനെ ക്ഷണിയ്ക്കുന്നു. മിന്നുന്ന കണ്ണാൽ = നക്ഷത്രത്തിന്റെ മിന്നിച്ചയെത്തന്നെ കണ്ണായി കല്പിച്ചിരിയ്ക്കുന്നു. ചണ്ടിക്കുളത്തിലാണല്ലോ ജനനം; അതിനാൽ തന്റെ അഴകു് അവഗണിയ്ക്കപ്പെട്ടുപോകുമല്ലോ എന്നു വിഷാദിയ്ക്കേണ്ടതില്ല. ഈ അഴകിനെ കണ്ണുകൊണ്ടു നുകരാനും, നിന്നോടു നേരംപോക്കു പറയാനും നി മേല്പോട്ടു നോക്കിക്കാത്തിരിയ്ക്കുന്നതെന്തൊന്നിനെയോ, ആ നക്ഷത്രം ആകാശാന്തത്തിൽ ഉദയംകൊള്ളാതിരിയ്ക്കില്ല. കാമുകത്വം ധ്വനിയ്ക്കുന്നു.

൫. കാലദേവന്റെ.........ശാരദലക്ഷ്മി = ഋതുക്കളെയെല്ലാം കാലദേവന്റെ അന്തഃപുരസ്ത്രീകളായികല്പിച്ചിരിയ്ക്കുന്നു. ശാരദലക്ഷ്മി = ശരൽക്കാലലക്ഷ്മി. കിഴക്കു്, ശരൽക്കാലത്തു ഇലയോം പച്ചപിടിച്ച മലംകാടുകൾ പോക്കുവെയിലിനാൽ പൊൻകസവിട്ടപോലായിച്ചമഞ്ഞിരിയ്ക്കുന്നു. സായമാം......പ്പുന്തോട്ടം—അന്തിച്ചെമപ്പു്. സഹ്യന്റെ......പോരാർ—സഹ്യപർവ്വതത്തെ തെക്കൻ ഹിമവാനായും, അതിൽനിന്നു പുറപ്പെട്ട പേരാറിനെ—ഭാരതപ്പുഴയെ — ഗംഗയായും കല്പിച്ചിരിയ്ക്കുന്നു. പുഷ്പിതങ്ങൾ = പൂവിട്ടവ. ആരോ..... പൂച്ചെണ്ടുകൾ—പൂവിട്ടുനില്ക്കുന്ന നല്ലുററിക്കാടുകൾ കണ്ടാൽ അതാരോ ശ്രദ്ധിച്ചുണ്ടാക്കി നിരത്തിവെച്ച പൂച്ചെണ്ടുകളാണെന്നുതോന്നും. അതുമേൽ അഴകാട്ടുകൂടിയും ക്രമത്തിലുമാണു് അവ മുററിത്തഴച്ചുനില്ക്കുന്നതു്. സർവ്വതഃ=എല്ലായിടത്തും. സന്ദർശനീയം = ദർശിയ്ക്കേണ്ടതു്. നിസ്തുപതാം=എതിരില്ലാത്തതു്. നിർവ്വാണമണ്ഡലം—വഴിനടന്നതിന്റെ തളർച്ചയെല്ലാം നീക്കിയ മൈതാനം. അങ്ങിനെ എവിടെവിടെയാണു് നോക്കേണ്ടതെന്നറിയാതെ, ഏതുഭാഗത്തെ സൌന്ദര്യമാണു് നുകരേണ്ട

Digitized By Kerala Sahitya Akademi

ത്തെന്നറിയാതെ, കവിയുടെ സൌവർണ്ണശൃംഖലിതങ്ങളായ ഗാത്രങ്ങൾ അത്യന്തം ഉലയുന്നു!

—:o:—

# അച്ഛന്റെ ചാത്തം

ആരുമില്ലെന്നോ ...... പതിപ്പിച്ചു — വീട്ടുടമസ്ഥൻ മണിമാളികമേൽനിന്നു മെല്ലറഞ്ഞ ചോദ്യം ചോദിച്ചുകൊണ്ടു നീട്ടിയ ഇടനോട്ടത്തെ ദ്വാരപാലന്റെ കയ്യിലെ ചൂരലാക്കി അധ്യവസായം ചെയ്തിരിക്കുന്നു. പതിപ്പിച്ചു = വീഴിച്ചു. സ്വാമി ആ ഇടനോട്ടമയച്ചതോടെ, ദ്വാരപാലൻ ചൂരലെടുത്തു പിച്ചക്കാരനെ പ്രഹരിച്ചുവീഴിച്ചു എന്നു പര്യവസിതാർത്ഥം. ദ്വാരപൻ = പടികാവല്ക്കാരൻ.

൨. ശ്രാവസ്തീപുരേ ..... വിളിയെയും — തലവീണ്ടു ചോരയൊഴിച്ചു നിലത്തു വീണ ആ ക്ഷുൽപീഡിതന്റെ ദീനാക്രന്ദനം സുതൃപ്തരായ (ഊക്കററം സാപ്പിട്ട) ബ്രാഹ്മണരുടെ പള്ളിത്തേട്ടലിൽ ലയിച്ചുപോയി! 'പള്ളി' എന്ന ആചാരവാക്കു പരിഹാസദ്യോതകം; വിഴുങ്ങിക്കളഞ്ഞോന്നോ എന്നുള്ള ബ്രാഹ്മണരുടെ തീരാബുഭുക്ഷയെ ധ്വനിപ്പിക്കുന്നു.

൩. വസ്ത്രരത്നാദ്യങ്ങളാം...... ഉടൻ—വസ്ത്രങ്ങൾ, രത്നങ്ങൾ മുതലായവ ദക്ഷിണകൊടുത്തതിന്നു പകരമായി ആ വൈശ്യന്നു ബ്രാഹ്മണരുടെ അനുഗ്രഹം കിട്ടി. കച്ചവടം ധ്വനിക്കുന്നു. ആസ്ഥയാ = ആദരവോടെ. ഭാരതോർവീസുപ്രജേ = ഭാരതഭൂമിയുടെ സത്സന്താനമേ. നിഭൃതജനൌഘം ഉള്ളിൽ = നിശ്ശബ്ദമായി ചുററും കൂടിയ ജനക്കൂട്ടത്തെ മതിലാക്കി കല്പിച്ചിരിക്കുന്നു. ബദ്ധശ്രദ്ധം = ശ്രദ്ധയോടെ.



Digitized By Kerala Sahitya Akademi

അങ്കശായിതൻ = മടിയിൽകിടത്തപ്പെട്ടവൻ. രുധിരം = ചോര. അവന്റെ നെററി ചൂരൽത്തല്ലേററു മുറിപ്പെട്ടിരുന്നു. യാതൊന്നോ . . . . . ലോകതിരോനെ—ലോകത്തിലെ അജ്ഞാനമാകുന്ന കൂരിരുട്ടിനെ അകററി ജ്ഞാനത്തെ പ്രദാനം ചെയ്ത ആ തിരുമഞ്ഞളുടയോടേമൽ വട്ടത്തിൽപ്പററിയ രക്തം ബാലസൂര്യൻ കണക്കെ കാണപ്പെട്ടു. തഥാഗതൻ = ബുദ്ധൻ. ദാരുണകുഷ്ഠവ്യാധിക്ലിഷ്ടം = ഭയങ്കരമായ കുഷ്ഠരോഗത്താൽ വലഞ്ഞത്. ദൂരത്തു . . പാറിപ്പാഞ്ഞു—തൊട്ടുകൂടാത്തവനും തീണ്ടിക്കൂടാത്തവനും ദാരിദ്ര്യമർദ്ദിതനുമായ ആ ചണ്ഡാലബാലന്റെ കണ്ണുകളിൽ, ആരോഗ്യസുഖാമൃതം പുരട്ടിയ ആ ദിവ്യകരത്തിന്റെ തലോടൽമൂലം, അന്നൊന്നാമതായി ഒരു പ്രകാശം പ്രത്യക്ഷീഭവിച്ചു. കാരണം ഈ ലോകം പ്രേമത്തിന്റെ ഉറവിടം തീരെ നിലച്ചുപോയ ഒരു മരുഭൂവല്ലെന്ന് ഇപ്പോൾ മാത്രമേ അവനറിഞ്ഞുള്ളു.

൪. സുന്ദരോദാരാകാരൻ = സുന്ദരവും ഉദാര(ശ്രേഷ്ഠ)വുമായ ആകൃതിയോടുകൂടിയവൻ. രണ്ടിററൽ . . . . നീ—മഴവെള്ളത്തിനു യാചിച്ച വേഴാമ്പലിന്റെ കൊക്കത്തു മേഘം ഇടിവാളേല്പിയ്ക്കുകയത്രേ ചെയ്തത്. അഹോ, ദാഹിച്ച വെള്ളം നല്കാഞ്ഞതെത്ര മഹാപാപം! ഈ പാപം പശ്ചാത്താപത്തിന്റെ കണ്ണീരാൽ മാത്രമേ കഴുകിക്കളയാനാവൂ. അനുതാപക്ഷരിതബാഷ്പം = പശ്ചാത്താപത്താൽ ഒഴുകിയ കണ്ണീർ. രണ്ടു തുള്ളി കനിവ് ഇററിയ്ക്കാൻ മടിച്ചതിന് എത്ര കണ്ണീരൊഴുക്കേണ്ടിവന്നു! (പിശുക്കിന്റെ ഫലം എപ്പോഴും ഇരട്ടിച്ചെലവാണെന്നു വ്യംഗ്യം.) മിഥ്യാഗ്രന്ഥങ്ങൾ = അസംബന്ധം പുലമ്പുന്ന ഗ്രന്ഥങ്ങൾ. പീനം = തടിച്ചത് (വർദ്ധിച്ചത്.) ദാനവർജ്ജിതം = ദാനമില്ലാത്ത. ദാഹിച്ച വെള്ളംപോലും ഒരാൾക്കും കൊടുക്കാതെ സമ്പാദിച്ചു കൂട്ടിയ കെട്ടുസമ്പത്തി

Digitized By Kerala Sahitya Akademi

ന്റെ ദോഷം നിന്റെ അച്ഛനെ അധഃപതിപ്പിച്ചു, ചണ്ഡാലയോനിയിൽ ജനിപ്പിച്ചു. പാപം ചെയ്ത ആളുകൾക്ക് ഇങ്ങനെ ദുഷിച്ച പുനർജ്ജന്മമുണ്ടാവുമെന്നു ഹിന്തുക്കൾ വിശ്വസിക്കുന്നു. പുത്രന്റെ . . . . . സിദ്ധൌഷധം—ലോഭം(ധനക്കൊതി)മൂലം ദുരവസ്ഥയിൽപ്പെട്ട അച്ഛന്റെ സൽഗതിക്കായി മകനായ നീ ത്യാഗം (ദാനം) അനുഷ്ഠിക്കുക എന്നു സാരം.

൫. അദ്ധ്വന്യൻ. പിതൃശ്രാദ്ധം—ഇതിനു മുമ്പു ബ്രാഹ്മണർക്കു വസ്ത്രങ്ങളും രത്നങ്ങളും മറ്റും ദക്ഷിണയായർപ്പിച്ച് അവരിൽനിന്നനുഗ്രഹം വാങ്ങി, ശ്രാദ്ധമൂട്ടി പിതൃപ്രീതി സംപാദിക്കാമെന്നാശിച്ചതു വ്യാമോഹമത്രേ; ധനമെല്ലാം അഗതിരക്ഷയ്ക്കായി സമർപ്പിച്ചപ്പോൾ മാത്രമേ യഥാർത്ഥമായ പിതൃപ്രീതിക്ക് അയാൾ പാത്രീഭൂതനായുള്ളു.

# തിലകമണ്ഡലം

2927-ൽ നടന്ന മദിരാശികോൺഗ്രസ്സ്
സമ്മേളനത്തെപ്പററി.

൧. ഇരുതിങ്ങൾ = രണ്ടുമാസം. മഹാ......മഹം = മഹാസഭയാകുന്ന ഉത്സവം. മതിശ്രദ്ധ = മനസ്സിന്റെ ശ്രദ്ധ. പ്രചുരം = വർദ്ധിച്ചതു്. രുചിരം = ഹൃദ്യം. മധുരം = മനോഹരം. തരം = ഏററവും. ദിവിഷ്ഠതാരങ്ങൾ = ആകാശത്തിൽ നില്ക്കുന്ന നക്ഷത്രങ്ങൾ. രാത്രിസമയത്തെല്ലാം താഴത്തു വൈദ്യുതദീപങ്ങൾ നിരന്നുനില്ക്കുന്നതു കണ്ടിട്ട്, ആകാശസ്ഥങ്ങളായ നക്ഷത്രങ്ങൾ ഭൂമിയിൽ മറെറാരു നക്ഷത്രഗണം ഉണ്ടായോ എന്നു പകച്ചുപോയി! സഭായോഗോദ്യമസമാഗമം = സമ്മേള

Digitized By Kerala Sahitya Akademi

നത്തിന്റെ ഒരുക്കക്കൂട്ടങ്ങളോടുള്ള സംയോഗം. സസത്വ = ഗർഭിണി. തദങ്കസംസ്ഥം = അതിന്റെ (മദിരാശിയുടെ) മടിയിലിരിക്കുന്നതു്. ഉദ്യമമാകുന്ന പുരുഷനു പുരിയാകുന്ന സ്ത്രീയിൽ ജനിച്ച ഒരു ഓമനപ്പൈതലായിരിക്കുമോ ഈ ചെറിയ നഗരം—കോൺഗ്രസ്സ്നഗരം! തിരുനിനവു്—ദയാപൂർവമായ വിചാരം. പ്രകൃഷ്ടൻ = ഉൽകൃഷ്ടൻ. പൃഥുശാലകൾ = വലിയ ശാലകൾ. സഭാസംകേതം = സമ്മേളനസ്ഥലം. സമ്മേളനത്തെസ്സംബന്ധിച്ച ഓരോ ആവശ്യത്തിലേക്കായി വെവ്വേറെ തെയ്യാറാക്കിയിരുന്ന വലിയ വലിയ ശാലകളെല്ലാംകൂടി കണ്ടാൽ, ഒരു ചെറിയ പ്രപഞ്ചംതന്നെ അതിലൊതുങ്ങിയിരുന്നുവെന്നു തോന്നും.

൨. വിരാട്പുരുഷൻ = ബ്രഹ്മാണ്ഡസ്വരൂപനായ ഈശ്വരൻ. യഥാർഹവർണ്ണനാന്തരിക്ഷം = അർഹിക്കുന്നതിൻവണ്ണമുള്ള വർണ്ണനമാകുന്ന അന്തരീക്ഷം. വർണ്ണനാതീതമാണു് അതിന്റെ ഔന്നത്യം (ശ്രേഷ്ഠത എന്നും ഉയരം എന്നും) എന്നു സാരം. ജനോൽക്കരം = ജനക്കൂട്ടം. ചുററുപാടുംനിന്നു് ആർത്തിരമ്പുന്ന മനുഷ്യസമുദ്രത്തിന്റെ നടുവിൽ നില്ക്കുന്ന ഈ സഭാമന്ദിരം കണ്ടാൽ, ഒരു ദ്രുമമാണെന്നേ ആർക്കും തോന്നൂ. അവിടെ സമ്മേളിച്ചിരുന്ന ജനതതിയുടെ പരപ്പു് എത്ര കണ്ടാണെന്നു നിരൂപിക്കുക. പുരപ്പുറത്ത.....പക്ഷികൾ—ഓരോ പുരപ്പുറത്തും ചെറിയ ചെറിയ കൊടികൾ വളരെ കുത്തിനിർത്തിയിട്ടുള്ളതു കാററത്തിളകുമ്പോൾ, വിചിത്ര (നാനാവർണ്ണ) പക്ഷികൾ ആ ദ്രുമത്തിന്മേൽ ചിറകുവീശിക്കൊണ്ടിരിക്കുന്നതിന്റെ പ്രതീതിയാണുണ്ടായതു്. പരസ്സഹസ്രം = ആയിരമായിരത്തിൽപ്പുറം. സ്വരാജ്യ.....ഗുരു = സ്വരാജ്യമുക്തിക്കുതകുന്ന ഉപനിഷത്തിന്റെ ഗുരു. (മദിരാശി കോൺഗ്രസ്സ്നഗരത്തിനു തിലകനഗരം എന്നാണു് പേരിട്ടിരുന്നതു്.) വര

Digitized By Kerala Sahitya Akademi

ഷി = ശ്രേഷ്ഠമഹർഷി. പർണ്ണനിലയനം = പർണ്ണശാല. പുണ്യതമം = ഏററവുമധികം പുണ്യമായിട്ടുള്ളത്. സ്വരാജ്യസ്വാതന്ത്ര്യോപനിഷത്തു നമ്മെ പഠിപ്പിച്ചുപോന്ന ലോകമാന്യതിലകന്റെ പാവനനാമധേയത്താൽ അലംകൃതമായിട്ടുള്ളതുകൊണ്ടുതന്നെ, ഈ മഹാസഭപ്പന്തൽ നമുക്കേവർക്കും ഒരു മഹർഷിയുടെ പർണ്ണശാലപോലെ, പരിശുദ്ധവും പൂജനീയവുമാണ്; ലോകമഹാത്മാവിന്റെ—ഗാന്ധിജിയുടെ— പാദസ്പർശത്താലാകട്ടെ, ഇതു ലോകത്തിലെ പുണ്യവസ്തുക്കളിൽവെച്ചു പുണ്യതമമായിരിക്കുന്നു. (മഹാത്മജിയും അന്നു സന്നിഹിതനായിരുന്നു.) ലലാടം = നെററി. തിലകം = പൊട്ട്. സുമണ്ഡലാകാരം = നല്ല വൃത്താകൃതിയിലുള്ളത്. വളരെക്കാലമായി ഭാരതത്തോടു പിരിഞ്ഞുപോയിട്ടു വീണ്ടും വന്നുചേരാനാഗ്രഹിക്കുന്ന വിമുക്തി(സ്വാതന്ത്ര്യ)ലക്ഷ്മിയുടെ നെററിത്തടത്തിൽ മിന്നിത്തിളങ്ങുന്ന ഒരു തിലകമത്രെ, വട്ടത്തിലുള്ള ഈ തിലകമണ്ഡപം! ഓരോ കോൺഗ്രസ്സുസമ്മേളനവും നമ്മുടെ സ്വാതന്ത്ര്യത്തെ കൂടുതൽക്കൂടുതൽ അടുപ്പിക്കുകയാണു ചെയ്യുന്നതെന്നു വ്യങ്ഗ്യം.

൩. പുരോഭുവി = മുൻഭാഗത്ത്. മണിധ്വജം = ഭംഗിയുള്ള കൊടിക്കാല്. ദരിദ്രർക്കായ്.....അടയാളത്തോടും—നൂൽച്ചക്രത്തിന്മേൽനിന്നു വെള്ളിത്തിളക്കമ്പികൾ—നൂലുകൾ—ഇളവില്ലാതെ നീളുന്നതു ദരിദ്രരുടെ വറുതിക്കു ശമം നല്കുന്നതാണെന്നും വ്യങ്ഗ്യം. കുളിർ.....ആങ്ഗ്യത്താൽ—സ്വരാജ്യപതാക കുളിർകാററത്തിളകുന്നതു കണ്ടാൽ, ഇനി നമുക്കു പരാധീന്യസ്പർശം—പാരതന്ത്ര്യസ്പർശം—ഉണ്ടാകരുതെന്ന് ആങ്ഗ്യത്താൽ നമ്മെ വിലക്കുകയാണെന്നുതോന്നും. സ്വരാജ്യപതാകയുടെ ഈ ആങ്ഗ്യംതന്നെയാണ് പിന്നീട് അക്ഷരങ്ങളായി സദസ്സിൽ മുഴങ്ങിയതും. അതേ.....യതാം—ചങ്ങല അഴച്ചു

Digitized By Kerala Sahitya Akademi

കെട്ടാനല്ല—അസ്വാതന്ത്ര്യത്തെ കുറേശ്ശക്കുറേശ്ശയായി അകററി തൃപ്തിപ്പെടാനല്ല—നമ്മുടെ അനഘം (= നിർദ്ദോഷം) ആയ പ്രയത്നം. കാരണം അപൂർണ്ണ.....ഭാരതീയർ—ഭാരതീയരെസ്സംബന്ധിച്ചേടത്തോളം, അപൂർണ്ണസിദ്ധികൾ — പൂർണ്ണമല്ലാത്ത കാര്യസിദ്ധികൾ—അസിദ്ധികളാണ്—കാര്യസിദ്ധിയില്ലായ്മകളാണ്; നാം അക്ഷരപദൈഷികളാണ്. യാതൊന്നിന്റെയും പകുതികൊണ്ടു നാം തൃപ്തിപ്പെടില്ല. അക്ഷരപദൈഷികൾ = അനശ്വരപദവിയെ ഇച്ഛിക്കുന്നവർ.

൯. മറിമായമേ .... മുററും—ഇതേവരെ ഏതോ അജ്ഞാതമായ മറിമായത്തിന്റെ മയക്കപ്പാട്ടിനാൽ ഉറക്കപ്പെട്ടവരായിരുന്നു നാം. അതു നമ്മെ കർമ്മവിമുഖരാകത്തക്കവണ്ണം അത്രമേൽ മരവിപ്പിച്ചിരുന്നു. ഇനി അതുണ്ടാവില്ല. ജനങ്ങളങ്ങോളമിങ്ങോളം ഉണർന്നുകഴിഞ്ഞിരിക്കുന്നു. ഇന്ത്യക്കാർക്ക് ഇന്ത്യയെ ഭരിക്കാനാവില്ലെന്ന തൊടുന്യായങ്ങൾക്കു കവി സമാധാനം പറയുന്നു: “സമർത്ഥരല്ലപോൽ ....... നാട്ടുകാർ—പെരിയ കൌടില്യനുടെ— .... തന്ത്രങ്ങൾ!” ഇത്യാദി നോക്കുക. നയമീമാംസ = ഭരണതന്ത്രം. കമണ്ഡകതനൂഭവൻ = കാമണ്ഡകി (ഒരു നീതിശാസ്ത്രകാരൻ.) കൌടില്യൻ—കൌടില്യന്റെ അർത്ഥശാസ്ത്രം പ്രസിദ്ധമാണല്ലോ. പണ്ടേയ്ക്കുപണ്ടേ നയാർത്ഥശാസ്ത്രാദികളിൽ ഇന്ത്യ പണ്ഡിതയാണെന്നർത്ഥം. ശരി, ശരി—വാദത്തിനുവേണ്ടി ഇന്ത്യക്കാർ ഇതൊന്നും അറിയാത്തവരാണെന്നു സമ്മതിക്കാം. അറിവില്ലാത്തവരും ദരിദ്രരും അഭദ്രരും (= ദൌർഭാഗ്യവാന്മാർ) ആണെങ്കിലും സ്വയം മക്കൾതന്നെ ശുശ്രൂഷിക്കുന്നതാണ് അമ്മക്കിഷ്ടം; മക്കൾക്കോ അവരുടെ കർത്തവ്യവുമാണ് മാതൃശുശ്രൂഷ.

൧൦. ജയ = ജയിച്ചാലും. പതാകികേ = കൊടിക്കൂറ. ത്രിവർണ്ണമണ്ഡിതേ—മൂന്നു വർണ്ണമാണല്ലോ സ്വരാജ്യക്കൊടിക്ക്.

Digitized By Kerala Sahitya Akademi

സത്യാഗ്രഹത്തിന്റെയും ഭൂതാനുകമ്പയുടെയും ധർമ്മാസക്തിയുടെയും മൂർത്തീഭാവമായ അങ്ങയുടെ ആജ്ഞയെ കാത്തുകൊണ്ടുനില്ക്കുന്നവരാണ് ഞങ്ങൾ. പഥികർക്കു തണൽ—സ്വാതന്ത്ര്യത്തിലേക്കു പ്രയാണം ചെയ്യുന്ന ഞങ്ങൾക്ക് ആശ്വാസമരുളുന്നതും അങ്ങാണ്. വരികയാണെങ്കിൽ . . . . . പുഷ്പവാഹനമാം—ഏതു തടസ്സവും ഞങ്ങൾക്കു പുല്ലാണ്. അത് ഞങ്ങളുടെ പുരോഗതിക്കു പുഷ്പവാഹനമായി വേഗം കൂട്ടുകയേ ചെയ്യൂ. പുരുഷകാരം = പുരുഷയത്നം. പാറ . . . . പർവ്വതങ്ങൾ—കാററു മലകളെ കുലുക്കില്ലല്ലോ. അനക്ഷരങ്ങൾ = അക്ഷരമറിയാത്തവ. (എഴുത്തും വായനയും തെരിയാത്തവ.) അനശനങ്ങൾ = ഭക്ഷണം കഴിക്കാത്തവ. അധഃസ്ഥിതങ്ങൾ = കീഴ്ത്തട്ടിൽ വർത്തിക്കുന്നവ. നാടിന്റെ ദാരിദ്ര്യം പരിഹരിക്കാൻ സ്വന്തവസ്ത്രം നെയ്യാൻ ഞങ്ങൾ തുടങ്ങിയിരിക്കുന്നു. വസ്ത്രത്തിന്റെ ഒരിനത്തിൽത്തന്നെ നിരവധി പണം ഈ നാട്ടിൽനിന്നു പുറം ദിക്കിലേക്കു പോകുന്നതു നോക്കുക. ഖാദിപ്രചരണം ഉദ്യോതിക്കുന്നു. ഞങ്ങൾക്കു കൈവരാനിരിക്കുന്ന സ്വാതന്ത്ര്യം ഹിംസകൊണ്ടു പാപപങ്കിലവുമല്ല. കാരണം, പുരുഷനു ചേർന്ന ശമംകൊണ്ടാണ്, ചോരപ്പുഴയൊഴുക്കിയിട്ടല്ല, ഞങ്ങൾ സ്വാതന്ത്ര്യം നേടാൻ പോകുന്നത്.

യതോ ധർമ്മസ്തതോ ജയഃ; ധർമ്മം എവിടെയോ അവിടെയത്രേ ജയം. ഇതാണ് വളരെക്കാലമായി ഭാരതത്തിന്റെ സുശോഭനമായ ഗാനം. പണ്ടേക്കുപണ്ടേ ഭാരതം ധർമ്മത്തിൽ അടിയുറച്ചുനില്ക്കുന്ന ഒരു രാജ്യമാണ്.

Digitized By Kerala Sahitya Akademi

# പുഴുമഴപ്പാററകൾ

൧. ത്വഗ്രോഗ ...... പതികയാൽ — പുഴുമഴപ്പാററകൾ ചുമരിന്മേലെല്ലാം പതിഞ്ഞിരുന്നതു കണ്ടാൽ, ചുമരുകൾക്കു് ഏതോ ത്വഗ്രോഗം പിടിപെട്ടു എന്നു തോന്നും. പാൎത്തട്ടിൽ .... പോലെ — ഭൂമിയിൽനിന്നു് ഏഴെട്ടു ചാൺ ഉയരത്തിൽ പാററകൾ വല കെട്ടിയപോലെ കാണപ്പെട്ടു. ഊഷ്മാവു് — ചൂടു്. മനുഷ്യരെ ദ്രോഹിക്കാനുള്ള ആഗ്രഹത്തിന്റെ ഊഷ്മാവുകൾ മഴവെള്ളം കുടിച്ചപ്പോൾ, ചിറകു വെച്ചു പുറത്തേക്കു പോന്നവയാണിക്കൂട്ടുകളെന്നു് അയാൾ (ഗൃഹനാഥൻ) ഉൽപ്രേക്ഷിച്ചു. അയാളെ ശുണ്ഠി പിടിപ്പിക്കത്തക്കവണ്ണം അവയുടെ ദ്രോഹം അത്രമേൽ വമ്പിച്ചതായിരുന്നു. ആരിൽ ....... അസ്വാസ്ഥ്യങ്ങൾ — ഏതൊരു പ്രാണിയിൽനിന്നും എത്ര നിസ്സാരമായ അസുഖം നേരിട്ടാലും ശരി, ആ പ്രാണിയെ തിയ്യിൽ ചുട്ടിട്ടോ, വെള്ളത്തിൽ മുക്കിയോ (തീ കത്തിച്ചു്, അതിന്നരികിൽ പാത്രത്തിൽ വെള്ളം വെക്കുമല്ലോ പാററകളെ നശിപ്പിക്കാൻ) കൊല്ലാൻ കെല്പും ബുദ്ധിയുമുള്ളവനാണു് മനുഷ്യൻ. എന്നാൽ അയാൾക്കു് ഈച്ച, കൊതു, പാററ മുതലായ ക്ഷുദ്രജീവികൾപോലും ചിറകുവെച്ച അസുഖങ്ങളാണുപോൽ! അഹോ, ഈ തുച്ഛമായ അസുഖംപോലും സഹിക്കാൻ കെല്പില്ലാത്ത മനുഷ്യന്റെ മേന്മ എത്ര പരിഹാസ്യം!

൨. പാററകളെ സംഹരിക്കാൻ ഗൃഹാങ്കണത്തിൽ മാത്രമല്ല, അസ്തമയപൎവ്വതത്തിന്റെ താഴ്‌വരയിലും തീ കത്തിച്ചിരിക്കുന്നു; അവിടെയും പുഴുമഴമൂലം പാററകൾ പുറപ്പെ

Digitized By Kerala Sahitya Akademi

ട്ടവോ! അന്തിച്ചെമപ്പിനെ തീയായി അധ്യവസായം ചെയ്തിരിക്കുന്നു.

൩. ഏതൊന്നു ...... ഇല്ലിവർക്കല്ലോ — വലിയ ധിഷണാശാലിയെന്നഭിമാനിക്കുന്ന മനുഷ്യന്നു മാത്രമേ ചെന്തീയിനെ തങ്കഗ്ഗോളമായി നണ്ണാനുള്ള ദുരയുള്ളു; ആ മർത്ത്യബുദ്ധി ഇവർക്കില്ല! എന്നിട്ടും എന്തേ ഈ അബദ്ധം പററാൻ?

൪. സാധുക്കൾ—തങ്ങളെ ഇത്ര സാമർത്ഥ്യത്തോടെ നശിപ്പിക്കാനൊരുമ്പെട്ട മനുഷ്യബുദ്ധിയെ മനസ്സിലാക്കാൻ തക്ക കെല്പില്ലാത്ത പാവങ്ങളാണല്ലോ അവ! നിശാന്തം = രാത്രിയുടെ അവസാനം; പ്രഭാതം. തപ്ത = ചൂടുള്ളവളെന്നും ക്ഷുഭിത എന്നും. ഇന്നലെ.... അനങ്ങാതുള്ളീ—ഇന്നലെ പുലർകാലത്തു് ഈ ഭൂമിയെ പുതിയ പ്രേമാശ്രുപ്രവാഹംകൊണ്ടു കുളിപ്പിച്ച കാർമേഘം, ഭൂമി പെററുണ്ടായ കുഞ്ഞുങ്ങൾ—പാററകൾ—ഇന്നു തീക്കുമ്പാരത്തിൽച്ചാടിച്ചാകുമ്പോൾ, എന്താണെന്നറിയാതെ കയ്യുംകെട്ടി മൌനംപൂണ്ടിരിക്കുന്നതെന്നു നക്ഷത്രങ്ങൾ അദ്ഭുതപ്പെടുന്നു. ഈ അദ്ഭുതം പരിഹാസസമ്മിളിതമത്രേ! സ്വന്തം കുഞ്ഞുങ്ങളെ രക്ഷിക്കാൻപോലും കെല്പില്ലാത്തവരാണ് ഈ കാർമേഘങ്ങളെന്നുള്ളത് എത്ര ദയനീയം! അദ്ഭുത.... യജ്ഞം—ഈ പാററകൾ പാവങ്ങളാണെങ്കിൽ അവയുടെ പുണ്യകർമ്മാനുഷ്ഠാനം—തീയിൽ മൈ ഹോമിച്ചു കൊണ്ടുള്ള യജ്ഞം—ചന്ദ്രനെ അദ്ഭുതസ്തിമിതനാക്കിത്തീർത്തു. ചന്ദ്രൻ യജ്ഞാംശഭാക്കായ ദേവനാണല്ലോ. സ്തിമിതൻ = സ്തംഭിച്ചവൻ.

൪. വൈതരണി = നരകത്തിലെ നദി.

൬. വററൽ = കൊണ്ടാട്ടം. അസ്തുഽസ്തു ശാന്തിശ്ശാന്തിഃ = ശാന്തി ഉണ്ടാകട്ടെ, ഉണ്ടാകട്ടെ!

൭. അത്രയും .... മാർഗ്ഗം — ഈ കൊച്ചുസഹോദരരു



Digitized By Kerala Sahitya Akademi

ടെ ക്ഷണികജീവിതത്തിൽ നാം നേടിച്ചിട്ട പ്രയോജനമെന്ത്? വിധി ഇവക്ക നിർദ്ദേശിച്ചിട്ടുള്ള ജീവിതയാത്രാമാർഗ്ഗം അത്രയും കുറിയതത്രേ! പതിരുപോലുള്ള = അത്രയും കനംകുറഞ്ഞ. ശതായുസ്സ് = മനുഷ്യൻ നൂററിരുപതു വയസ്സുവരെ ജീവിച്ചിരിക്കുമെന്നാണല്ലോ സാധാരണനിയമം. മേലെയോ . . . . കാൽ—മനുഷ്യക്ക് ഈ പാററകളെക്കാളധികം ആയുസ്സുണ്ടെന്നു പറയാമോ? കാലമാകുന്ന പെരുംകടലിൽ ഈ നൂററാണ്ടുകളൊക്കെ കേവലം കൊച്ചലകൾ മാത്രമാണ്—പിന്നെ, മനുഷ്യന് എങ്ങനെ അഭിമാനിക്കാം, ഈ ശലഭങ്ങളെക്കാളധികം ആയുസ്സുണ്ടെന്ന്? ഒട്ടനാൾ....പാററകളത്രേ—ഈ പാററകളെപ്പോലെ മനുഷ്യരും ഏതാനുംനാൾ അഹംഭാവത്തോടെ ചാടിത്തുള്ളിനടക്കും; പെട്ടെന്നു മരണം ഉജ്ജ്വലിപ്പിച്ച തീയിൽ വീണു വെന്തടിയുകയും ചെയ്യും. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യർ പ്രകൃതിയുടെ പുതുമഴക്കു മുളച്ചുവന്ന പാററകൾതന്നെ.

—:0:—

# മൌററായ ശാകുന്തളം

---

കല്ക്കത്തയിലെ സുപ്രസിദ്ധമായ 'മല്ലിക്ക്കൊട്ടാര'ത്തെപ്പററി:

൧. ഉദ്ഭാസിക്കുക = പ്രകാശിക്കുക. ശില്പപ്രഭാവം = ശില്പവേലയുടെ മേന്മ. നഷ്ടശിഷ്ടം = നശിച്ചുപോയതിന്റെ ബാക്കി. പ്രാചീനഭാരതത്തിലെ അദ്വിതീയമായ ശില്പവേല ഇന്നു നമുക്ക നഷ്ടപ്പെട്ടുപോയിരിക്കുന്നുവെങ്കിലും, അതിന്റെ അവശിഷ്ടം തെല്ല് ഈ മല്ലിക്ക്കൊട്ടാരത്തിൽ തങ്ങിനില്പു

Digitized By Kerala Sahitya Akademi

ണ്ട്. പണ്ടു . . . . . ശില്പി=മയൻ. ഭൌമം=ഭൂമിയിലെത്. ഇന്ദ്രപ്രസ്ഥത്തെ നിർമ്മിച്ച മയന്റെ വിശ്വവിശ്രുതമായ ദിവ്യത്വത്തിന്റെ രണ്ടുനാലിറു കലർന്നിട്ടില്ലെന്നു വരികിൽ, ഇത്രയും മനോഹരമായ ഒരു ഹർമ്മ്യം നിർമ്മിക്കാൻ ഭൂമിയിലെ ശില്പികൾക്കു കഴിവുമായിരുന്നില്ല. നവ്യത = പുതുമ. തന്നാനാലംകാരശതങ്ങൾ = അതിന്റെ പലതരം അലംകാരശതങ്ങൾ. ചിത്രപ്രതിമാദികങ്ങൾ = ചിത്രങ്ങൾ, പ്രതിമകൾ മുതലായവ. നൈസർഗ്ഗികത്വം = സ്വാഭാവികത്വം. വിചിത്രോദയങ്ങൾ = നാനാതരത്തിലുള്ള ആവിർഭാവങ്ങൾ. കമ്രോത്സവം = മനോഹരമായ ഉത്സവം. ആനന്ദമാത്രപ്രപഞ്ചം = ആനന്ദം മാത്രമായിട്ടുള്ള പ്രപഞ്ചം. ഈശ്വരൻ സൃഷ്ടിച്ച പ്രപഞ്ചത്തിൽ ആനന്ദവുമുണ്ട്, ആതങ്കവുമുണ്ട്; ഇവിടെയാകട്ടെ, ആനന്ദമാത്രമായ ഒരു പ്രപഞ്ചം ഇതാ, മനുഷ്യൻ സൃഷ്ടിച്ചിരിക്കുന്നു.

൨. വിത്തം . . . . . . കോടീശ്വരൻ—ധാരാളം പണവും മനോധർമ്മവും ചെലവഴിച്ച് ഈ വിശ്രമമന്ദിരം പണിയിച്ചപ്പോൾ, ബുദ്ധിമാനായ മല്ലിക്കു കേവലം സൽകലാസക്ത (നല്ല കലാഭിരുചിയുള്ളവ)നായ ഒരു വിലാസശീല(ആഢംബരസ്വഭാവ)നാണെന്നു മാത്രമേ ആളുകൾ കരുതിയുള്ളൂ; എന്നാൽ ശ്രേഷ്ഠവിഭവങ്ങ(മികച്ച വസ്തുക്ക)ളുള്ള ഈ കെട്ടിടം പിന്നീടു സ്വന്തം നാട്ടുകാരുടെ ആവശ്യത്തിലേക്കായി വിട്ടുകൊടുത്തപ്പോഴാകട്ടെ, സ്വാർത്ഥപരത്വം കൂടാതെ രാജ്യത്തെ സേവിച്ച മഹാന്മാരുടെ കോടിയിൽ(സ്ഥാനത്തു)പെട്ടവനായി! മല്ലിക്ക്കൊട്ടാരം ഇന്ന് ഒരു പൊതുസ്വത്താണ്.

൩. വാച്ചു . . . ദ്യാനത്തിൽ—അവിടെ വർണ്ണപ്പകിട്ടു മാത്രമുള്ള, പൂവിടലില്ലാത്ത പലതരം ചെടികൾ നട്ടുവളർത്തിട്ടുണ്ട്; ആ ചെടികൾക്കൊക്കെ മാലതീമല്ലികാദികളുടെ (പി

Digitized By Kerala Sahitya Akademi

ച്ചകം, മുല്ല മുതലായവയുടെ) സുഗന്ധത്തെ കൊണ്ടുകൊടുക്കാനാണെന്നു തോന്നും, ആ മണിമേടയെ ചുഴന്ന പൂംതോട്ടത്തിൽ മാരുതൻ (കാററ്) ഓടിനടക്കുന്നത്. ഇല്ലാത്തവർക്കു കൊടുക്കുക എന്ന ധർമ്മം ദ്യോതിപ്പിക്കുന്നു. പാടുന്നു ..... ആൽക്കരങ്ങൾ—അവിടെ പലതരം പക്ഷികളെ വളർത്തിപ്പോരുന്നുണ്ട്; അതുപോലെ ഒരാൽക്കരങ്ങനുമുണ്ട്. കാടകവാഴ്ച = വനവാസം. ആ ആൽക്കരങ്ങന്റെ ഇമ്പം കണ്ടാൽ, വനവാസസ്വാതന്ത്ര്യം പോയ്പോയതിൽ അവന്നു വ്യസനമുള്ളതായി തോന്നുകയില്ല.

൯. തതതപൂർവ്വമഹാർഘപദാർത്ഥങ്ങൾ = ഓരോ രാജ്യത്തിലേയും അസാധാരണങ്ങളും വിലയേറിയവയുമായ പദാർത്ഥങ്ങൾ. ആദൃതശബ്ദം = ആദരവുചേർന്ന ശബ്ദത്തോടുകൂടിയ വണ്ണം. സുരന്നു.......ക്ഷണിച്ചതിനാൽ—ഒരു വലിയ ധനികനായ മല്ലിക്കിന്റെ വലിയ പണസ്സഞ്ചികളിലോരോന്നും, സാദരശബ്ദത്തോടെ ക്ഷണിച്ചതുകൊണ്ട്, ഭുവനങ്ങളിലെ അസാധാരണങ്ങളും അമൂല്യങ്ങളുമായ പദാർത്ഥങ്ങളെല്ലാം ഈ മണിമേടയിൽ എത്തിച്ചേർന്നിട്ടുണ്ട്—മല്ലിക്കു യാതൊരു പിശുക്കുംകൂടാതെ അറ്റു കൈയയച്ചു പണം ചെലവാക്കി, ഓരോ ഭുവനത്തിലേയും ശ്രേഷ്ഠവസ്തുക്കൾ ഇവിടെ വരുത്തി നിരത്തിവെച്ചിട്ടുണ്ട് മല്ലിക്കു ഒററവാക്കിൽ — ജർമ്മൻ മഹാകവിയായ ഗീഥേ ശാകുന്തളത്തെപ്പററി പറഞ്ഞപോലെ, മല്ലിക്കുകൊട്ടാരം എന്നു പറഞ്ഞാൽ കഴിഞ്ഞു—ഈ ഒരു വാക്കിൽ ലോകത്തിലെ ദുർല്ലഭങ്ങളും ഉദാര(ശ്രേഷ്ഠ)ങ്ങളുമായ വസ്തുക്കളെല്ലാം ഉൾക്കൊള്ളുന്നുണ്ട്! ചന്ദ്രഗുപ്തവിക്രമാദിത്യനാൽ മാനിതനായ മഹാകവി (കാളിദാസൻ) ശാകുന്തളമെന്നപോലെ, മല്ലിക്ക് എന്ന കോടീശ്വരനാൽ മാനിതനായ മഹാശില്പി നിർമ്മിച്ചതാണ്, ഈ പ്രസാദം (=കൊട്ടാ

Digitized By Kerala Sahitya Akademi

രം.): നോക്കുമ്പോളൊക്കെ പുത്തനായിത്തോന്നും; വളരെ വളരെ രമ്യപദാർത്ഥങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടുതാനും.

---

# പടവാളിന്റെ പുഞ്ചിരി.

---

ഒരു മഹർഷിയുടെ തീവ്രമായ തപസ്സു കണ്ടിട്ട്, അദ്ദേഹം തന്റെ സ്വർഗ്ഗരാജപദം കൈക്കലാക്കിക്കളയുമെന്നു പേടിച്ചു ദേവേന്ദ്രൻ അദ്ദേഹത്തെ വഞ്ചിപ്പാൻവേണ്ടി ഒരു ദിവസം ഒരു മനുഷ്യയുവാവിന്റെ വേഷംപൂണ്ട് അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നു; എന്നിട്ട്, താനൊരു തീർത്ഥാടനത്തിന്നായി പോവുകയാണെന്നും തിരിച്ചുവന്നാലുടൻ തിരിയെ വാങ്ങിക്കൊള്ളാമെന്നും പറഞ്ഞ്, താൻകൂടെ കൊണ്ടുചെന്നിരുന്ന വാൾ സൂക്ഷിക്കാനായി മഹർഷിയോടപേക്ഷിച്ചു. ന്യാസത്തെ (സൂക്ഷിക്കാനേല്പിക്കപ്പെടുന്ന വസ്തുവെ) കൈക്കൊള്ളാതിരിക്കുക ആർഷഭാരതത്തിൽ പതിവുണ്ടായിരുന്നില്ല. മഹർഷി ആ ഖഡ്ഗം സൂക്ഷിപ്പാൻ ഏറെറടുക്കതന്നെ ചെയ്തു.

൧. വിരതസമാധി = ധ്യാനമവസാനിച്ചവൻ. മഹർഷി ഒരു മാനിനെ വളർത്തിയിരുന്നു. പതിവുപോലെ അന്നും, ധ്യാനമവസാനിച്ചതിന്നുശേഷം, തപശ്ശുഷ്ക(തപസ്സുകൊണ്ടു മെലിഞ്ഞ)മായ തന്റെ കൈ ആ മാനിന്റെ മുതുകത്തുവെച്ച് അദ്ദേഹം ആ സാധുജീവിയെ അനുഗ്രഹിച്ചു. ധ്യാനം.......ദേവും—ധ്യാനസമയത്തൊക്കെ മററൊരു ലോകത്തിലായിരിക്കുമല്ലോ; ഇഹലോകത്തിൽ ഈ മാൻമാത്രമാണ് അദ്ദേഹത്തെ സുഖിപ്പിച്ചുപോന്ന ദേവും. പല ഭാഗത്തു.......നാണും — പുള്ളിമാനാണെന്നർത്ഥം. ആ പുള്ളികൾ അദ്ദേഹത്തിന്നു

Digitized By Kerala Sahitya Akademi

പൊറുതിയ്ക്കുള്ള വെള്ളിനാണ്യങ്ങളാണ്. അപ്പുള്ളിമാനിൻ ........നെട്ടംകണ്ണും. പതഞ്ഞൊഴുകുമാറ് അത്രമേൽ സമൃദ്ധമായ അതിൻ്റെ സൌന്ദര്യം കണ്ടിട്ട്, മഹർഷിയുടെ ഹൃദയം നിറഞ്ഞു നിന്നിരുന്ന പ്രേമരസം നയനങ്ങളിലൂടെ വഴിഞ്ഞൊഴുകി— അദ്ദേഹം സന്തോഷാശ്രു തൂകി. തലപൊക്കി അദ്ദേഹത്തിൻ്റെ മുഖത്തേയ്ക്കുതന്നെ നോക്കിയിരുന്ന ആ മാനിൻ്റെ നെട്ടംകണ്ണുകളും, ആ പ്രേമത്തെ നുകരാനെന്നപോലെ, അനക്കമററു നിന്നു!

൨. സുപ്രണാമം = ദണ്ഡനമസ്കാരം. ആസ്ഥയാ = ആദരവോടെ. ധീ = ബുദ്ധി. ധീയേറും........ജ്ഞാനംമൂലം — ആ മാൻ ഇതേവരെ ഇത്തരമൊരു കൊലയായുധം കണ്ടിട്ടില്ല; ആ വാൾ നിലാവേററ ഒരു ചെറുതോട്ടപ്പാരലയാണ് കാണപ്പെട്ടതും. എങ്കിലും, ജന്തുക്കളുടെ സഹജജ്ഞാനംകൊണ്ട്, വാൾ കാണേണ്ട താമസം, ആ സാധുമൃഗം തെല്ലൊന്നു പേടിച്ചു ചൂളിപ്പോയി!

൩. സത്യവാൻ = സത്യഗുണമറിയുവൻ. സത്യവാനോടെ........ചോദ്യം— ആഗതൻ മുമ്പിൽ വന്നു നിന്നപ്പോൾ 'എന്തേ വന്നത്?' എന്നർത്ഥത്തിൽ ആ മഹർഷി ചോദ്യരൂപത്തിൽ അയാളെ നോക്കി. എന്തഹിംസാ........അങ്ഗീകാരം?— മേല്പറഞ്ഞ അഭ്യർത്ഥന മഹർഷിയെ തെല്ലൊന്നസ്വാസ്ഥ്യപ്പെടുത്താതിരുന്നില്ല: ഒരഹിംസാരാധകൻ എങ്ങനെ ആയുധം വാങ്ങിവെയ്ക്കും?— എന്നിരുന്നാലും, ആ യോദ്ധാവു ഫലിതാശ (ആശ ഫലിച്ചവ)നായിട്ടുതന്നെയാണ് തിരിയെ പോയത്. എന്തുകൊണ്ടെന്നാൽ, ഔദാര്യൈകഭരമായ ആർഷരാജ്യം ഏതൊരഭ്യർത്ഥനയെയും നിരസിയ്ക്കുകയില്ല.

൪. നിക്ഷേപഗ്രഹം = സൂക്ഷിപ്പാനേല്പിയ്ക്കപ്പെട്ട സാധനം സ്വീകരിയ്ക്കൽ. നൈഷ്ഠികൻ = നിത്യബ്രഹ്മചാരി. ഇദ്ദേ

Digitized By Kerala Sahitya Akademi

വരെ ഗൃഹസ്ഥാശ്രമം പൂകിയിട്ടില്ലാത്ത ഈ മഹർഷി പെട്ടെന്നു് ഒരു കുട്ടിയെ രക്ഷിക്കേണ്ടുന്ന അച്ഛനായിത്തീൎന്നു! അങ്ങനെ സന്ന്യസ്താഖിലകൎമ്മാവായ (സകലകൎമ്മങ്ങളും ത്യജിച്ച) ഈ ശമധനൻ (ഇന്ദ്രിയനിഗ്രഹം മാത്രം ധനമായിട്ടുള്ളവൻ) മറെറാരാൾക്കുവേണ്ടി ഒരു വസ്തുവിനെ രക്ഷിക്കുകയെന്ന ഭാരം കൈയേററു. 'ചുമന്നാനി വസ്തുരക്ഷണഭാരം,' എന്നു പറഞ്ഞതുകൊണ്ടു് അതിലുള്ള ക്ലേശം വ്യഞ്ജിക്കുന്നു. കല്ലാലകുടിൽ = പൎണ്ണശാല. ആ ഉജ്ജ്വലതൊപ്പാൻപിടിയാൽ എവിടെയാണു് സൂക്ഷിക്കുക എന്ന ഒരേ ഒരു വിചാരമായി അദ്ദേഹത്തിന്നു്. പൎണ്ണശാലയിൽ വെച്ചാൽ, ആരാനും കട്ടുകൊണ്ടുപോയാലോ? അതിനാൽ തന്റെ കൈയിൽത്തന്നെ സൂക്ഷിക്കുക എന്നു നിശ്ചയിച്ചു. ന്യായജ്ഞൻ = ധൎമ്മശാസ്ത്രം അറിയുന്നവൻ. അനഘാത്മാവു് = നിൎമ്മലാശയൻ. ക്ഷുന്നിവൃത്തി = വിശപ്പടക്കൽ. വേട്ടക്കാര........കാട്ടിൽ—ആ മഹൎഷിയുടെ താപസഭാവമല്ല പ്രത്യക്ഷീഭവിച്ചിരുന്നതു്. ജിതേന്ദ്രിയൻ = ഇന്ദ്രിയങ്ങളെ അടക്കിയവൻ. പ്രാണനെ നിരോധിച്ചു് = പ്രാണായാമം ചെയ്തുകൊണ്ടു്. ഒപ്പൽ.....കരവാളും—ധ്യാനാവസരത്തിൽ ഇരിപ്പിടത്തിന്റെ ചുവട്ടിൽ മറച്ചുവെക്കും; അദ്ദേഹത്തിന്റെ തപസ്സു നശിപ്പിക്കാൻ വന്ന പിശാചാണു് വാൾ എന്നു ധ്വനിക്കുന്നു. എണ്ണിമാറു് = തപസ്സുകൊണ്ടു മെലിഞ്ഞു് എല്ലുന്തിയ മാറിടം. കൃപാണം = വാൾ. ഖഡ്ഗവല്ലി എന്ന സ്ത്രീലിംഗപദം വല്ലഭാസാദൃശ്യത്തെ സമൎത്ഥിക്കുന്നു.

൭. ഉച്ചനാക്കാൻ — ന്യാസത്തിന്നു കേടുപററിക്കൂടല്ലോ. ഒന്നാമത്തെ വെട്ടായി = ഇതിന്നു മുമ്പു് ഒരു പുല്ക്കൊടി നുള്ളുകപോലും ആ അഹിംസാപരൻ ചെയ്തിട്ടില്ല; ഇപ്പോൾ തപസ്സിന്റെ വേരിന്മേൽ ഒരു വെട്ടുവെട്ടിക്കഴിഞ്ഞു! വശി=

Digitized By Kerala Sahitya Akademi

ജിതേന്ദ്രിയൻ. വളർവല്ലികൾ = വലിയ വല്ലികൾ. തളര......പൊത്തി—വല്ലി വെട്ടിയാൽ ഇലകൾ വാട്ടമല്ലോ; ആ വാട്ടത്തെ കൺചിമ്മലായി കല്പിച്ചിരിക്കുന്നു. വിടപികൾ = വൃക്ഷങ്ങൾ. ചില്ലകളും കൊമ്പുകളും വെട്ടുമ്പോൾ, വൃക്ഷങ്ങൾക്കു പാടേ ഇളക്കം തട്ടുമല്ലോ; അതിനെ വേദനാജന്യമായ വിറയലായിക്കല്പിച്ചിരിക്കുന്നു. ഇമലർക്കണ്ണീർ തൂകി— പുഷ്പങ്ങൾ കൊഴിയുന്നതു കണ്ടാൽ വൃക്ഷങ്ങൾ കണ്ണീർ തൂകുകയാണെന്നു തോന്നും.

൯. കൃപാണികാസംഗജം = വാളിന്റെ സംസർഗ്ഗം കൊണ്ടുണ്ടായതു്. ഹിംസാകർമ്മം അചേതനങ്ങളിലവസാനിച്ചില്ല; ക്രമേണ ചേതനങ്ങളിലേക്കും പകർന്നു. സൌമ്യത...... മാറി — അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്ന സത്വഗുണം തികച്ചും അപ്രത്യക്ഷമായി; ബ്രഹ്മതേജസ്സു രൌദ്രത്തിന്റെ ജ്വാലയായി മാറുകയും ചെയ്തു! കൈക്കൊണ്ട = യോദ്ധാവിനോടു് ഏറ്റുവാങ്ങിയ. മാനുകൾ......കണ്ടാൽ—ഒരു കാലത്തു മാനിനെ സ്നേഹത്തോടേ മയത്തിൽത്തലോടിയിരുന്ന ഈ മഹർഷിയെക്കാണേണ്ട താമസം, വനസ്ഥലികളിൽ മേയുന്ന മാനുകളെല്ലാം കുതിച്ചോടിയൊളിക്കുകയായി—മയിലുകൾ പീലിപരത്തി നൃത്തമാടുകയാണെങ്കിൽ, അതൊക്കെ ചുരുക്കി, പതുങ്ങിയിരിക്കുകയായി—പക്ഷികൾ പാട്ടു നിർത്തി പറന്നുപോവുകയായി—ഹാ, എന്തൊരു വൈപരീത്യം! വിക്ഷതാത്മാവു് = കേടുപറ്റിയ ആത്മാവോടുകൂടിയവൻ. ഇന്ദ്രിയനിഗ്രഹം നശിച്ചുപോയവനെ ദിവ്യസിദ്ധികൾ കൈവെടിയുമല്ലോ.

൧. തപോഭീതൻ = തപസ്സുമൂലം പേടിപൂണ്ടവൻ. അമരർകോൻ = ഇന്ദ്രൻ. അറിഞ്ഞീല ........ സാരം— നിന്റെ പുഞ്ചിരിയുടെ (തിളങ്ങലിന്റെ) ഉള്ളിൽ ഇത്ര മൂർച്ച

Digitized By Kerala Sahitya Akademi

യേറിയ ഔഷധം ഒളിച്ചുവെച്ചിട്ടുണ്ടെന്നു—നീ ചിരിച്ചു കഴിഞ്ഞുകൂടുമെന്നു—മനസ്സിലാക്കാൻ കഴിവില്ലാത്തവണ്ണം അത്ര ശുദ്ധാത്മാവായിരുന്നു അദ്ദേഹം! സായൂജ്യം = സായൂജ്യത്തിലേക്കു ചേൎന്നു.

# ചോര തിളക്കണം

൧. കൎപ്പൂരശൃംഗങ്ങൾ = കൎപ്പൂരംപോലെ വെളുത്തവ. അഭ്രങ്ങൾ = മേഘങ്ങൾ. ഐക്യമൈതാനം = ഐക്യത്തിന്റെ മൈതാനം. കല്ക്കരിപ്പുകയ്ക്കും....മാകാശവും—ഏതു പറഞ്ഞതുകൊണ്ടു വൎണ്ണ(ജാതി)ഭേദമില്ലായ്ക വ്യഞ്ജിക്കുന്നു. സൌമ്യമായ്—വൎണ്ണഭേദമില്ലെന്നു മാത്രമല്ല, വൎണ്ണങ്ങൾ(ജാതികൾ)എല്ലാം തികച്ചും സുഖസമാധാനങ്ങളോടും ഐക്യത്തോടുംകൂടി, തോളോടുതോളുരുമ്മി, ഏകോദരസഹോദരന്മാരെപ്പോലെയത്രേ ജീവിക്കുന്നതു്. കേരളത്തിൽ ജാതിസ്പൎദ്ധകളില്ലെന്നു ധ്വനി. ഉത്ഥാനം ചെയ്യുന്ന = എഴുന്നേല്ക്കുന്ന (ഉദിക്കുന്ന). പശ്ചിമാൎണ്ണവാംഭസ്സ് = അറബിക്കടലിലെ വെള്ളം. വൻപശ്ചിമാ.......കൈത്തൊഴിലും—കടൽവെള്ളത്തിൽ സന്ധ്യാരാഗം പ്രതിബിംബിക്കുമ്പോൾ, പവിഴം കുഴച്ചതായി തോന്നുമല്ലോ. കാഞ്ചനപ്പോള—അന്തിച്ചെമപ്പുതന്നെ. കേരളത്തിലെ കൈത്തൊഴിലിന്റെ കമനീയതയെ ധ്വനിപ്പിക്കുന്നു. സുന്ദരാത്മാക്കൾ = അഴകുള്ള ആകൃതിയോടുകൂടിയവ. മാനിച്ച് = ആദരവോടെ. നാനാതരംഗിണീസംഗീതം = പല നദികളുടെ സംഗീതം (പ്രവാഹശബ്ദം). ചന്ദനം, ഏലം മുതലായവകൊണ്ടു സുഗന്ധം വായ്ച വനങ്ങളാൽ അഭിരാമങ്ങളായ പൎവ്വതങ്ങൾ അനങ്ങാതെ നില്ക്കുന്നത്, ചല

Digitized By Kerala Sahitya Akademi

പല നദികളുടെ സങ്ഗീതത്തെ ആദരവോടെ കേൾക്കാനാണെന്നു തോന്നും. പർവ്വതങ്ങൾ പാട്ടുകച്ചേരിയിലെ സഭ്യരാണെന്നു വ്യഞ്ജിയ്ക്കുന്നു. ശുഭ്ര = വെണ്മ. അങ്ങിങ്ങു പ്പുഞ്ചിരിയും—വേലിയ്ക്കരികിലും വളപ്പിന്നുള്ളിലും മററും വളൎന്നുനില്ക്കുന്ന വൃക്ഷസസ്യാദികളുടെ പച്ചപ്പിന്നിടയിലൂടെ വെണ്മയോടെ കാണപ്പെടുന്ന കേരളീയഗൃഹങ്ങളുടെ പൂമുഖങ്ങൾ ഔദാര്യത്താൽ പുഞ്ചിരിക്കൊള്ളുകയാണെന്നു തോന്നും. കേരളീയരുടെ പ്രശസ്തമായ ഔദാര്യം ധ്വനിയ്ക്കുന്നു. സാക്ഷാൽത്തമിഴ് = കൊടുന്തമിഴ്. സംസ്കൃതം സാഹായ്യത്തിന്നുണ്ടെന്നും, സാക്ഷാൽത്തമിഴ ശുശ്രൂഷിയ്ക്കാനുണ്ടെന്നും പറഞ്ഞതിൽനിന്നു മലയാളഭാഷയിൽ സംസ്കൃതത്തിന്നും തമിഴിന്നും യഥാക്രമമുള്ള സ്ഥാനം നിൎണ്ണയിച്ചിരിയ്ക്കുന്നു. ഭവ്യ = ശ്രേഷ്ഠ. മംഗല്യസല്ലാപമാധുരി = മലയാളികൾ സംസാരിയ്ക്കുന്ന മലയാണ്മ എത്ര മധുരമായ ഭാഷ! എല്ലിനസത്വഗുണോദ്രേകം = ഹൃദയത്തിൽക്കിടക്കുന്ന സത്വഗുണത്തിന്റെ ആധിക്യം. മലയാളികൾ പതിവായി വെള്ളവസ്ത്രമാണല്ലോ ധരിയ്ക്കാറ്; അത് അവരുടെ ഹൃദയത്തിലുള്ള സത്വഗുണാധിക്യത്തിന്റെ ബഹിഃപ്രസരമാകുന്നു. സത്വഗുണത്തിന്റെ നിറം വെളുപ്പത്രേ. സല്ലാസ്യയുക്തം = നല്ല ലാസ്യ(അഭിനയരഹിതവും ശൃങ്ഗാരപ്രധാനവുമായ നൃത്ത)ത്തോടുകൂടിയത്. വില്ലോലിപൂവിളിഘോഷം = വില്ലുകൊട്ടലിന്റെയും പൂവിളിയുടെയും നിർഘോഷം. ഓണക്കാലത്തുണ്ടാകാറുള്ള കൈകൊട്ടിപ്പാട്ടിനെയും വില്ലൊച്ചയെയും പൂവിളിയെയും പണ്ടത്തെ പ്രാഭവപൂൎണ്ണമായ മാബലിവാഴ്ചയുടെ വിജയകാഹളമായി അധ്യവസായം ചെയ്തിരിക്കുന്നു. സാധുസരസ്സ് = ശുദ്ധമായ (പാവം എന്നും) പൊയ്ക. നൈതൽപ്പൂവ്. ആമ്പൽപ്പൂവ്. നിരീക്ഷിച്ച്—ആമ്പൽപ്പൂവു മേല്പോട്ടു നോക്കി നില്ക്കുന്നതും,

Digitized By Kerala Sahitya Akademi

നക്ഷത്രം കീഴ്പോട്ടു നോക്കുന്നതും കാണുമ്പോൾ അവ അന്യോന്യം നോക്കിനില്ക്കുന്നതായിട്ടാണെല്ലോ. നർമ്മങ്ങൾ = നേരംപോക്കുകൾ. അത്യുന്നതപദത്തിൽ—ആകാശത്തിൽ—സ്ഥിതിചെയ്യുന്ന നക്ഷത്രത്തിന്നു താഴ്ന്ന നിലയിലിരിക്കുന്ന സരസ്സിനോടു നർമ്മസല്ലാപം ചെയ്യാൻ ആഭിജാത്യലോപശങ്കയൊന്നുമില്ല! നിർമ്മലശാരദരാത്രികൾ—കേരളത്തിലെ കാറൊഴിഞ്ഞു നിർമ്മലങ്ങളായ ശരൽക്കാലരാത്രികൾ ഏതൊരാളുടെയും മനം കുളിർപ്പിക്കുന്നവയത്രേ. സമുൽക്കടകോടി = ഉച്ചസ്ഥിതി. നാട്യം . . . . . . പന്തൽകളും—ചാക്യാർക്കൂത്തിനെയും കഥകളിയെയും അനുസ്മരിക്കുക. ചാക്യാന്മാരുടെ അഭിനയപാടവും ലോകപ്രസിദ്ധമാണല്ലോ. നാട്യമാം നല്ലുഷ
. . . പന്തൽകളും—കഥകളി അതിന്റെ അനന്യസാധാരണമായ അഭിനയവൈശിഷ്ട്യംകൊണ്ടു സമസ്തലോകത്തെയും അദ്ഭുതപരതന്ത്രമാക്കിയതിൽ ആഹ്ലാദം പൂണ്ടു സ്വയം നൃത്തം ചവിട്ടുകയാണെന്നു തോന്നും. പാരിൽ . . . . . . കേരളമേ—ഇങ്ങനെ നാനാഗുണസംപുഷ്ടമായ ഒരു രാജ്യമേതാണെന്നു ചോദിച്ചാൽ, കേരളം എന്നു പറഞ്ഞു മതിയാക്കാമായിരുന്നു; എന്നാൽ കവിയുടെ സ്വരാജ്യാഭിമാനം അത്രയുംകൊണ്ടു തൃപ്തിപ്പെടുന്നില്ല—കേരളംതന്നെയേ ഉള്ളൂ എന്നു പറഞ്ഞാലേ അദ്ദേഹത്തിന്നു തൃപ്തി വരൂ!

2. ആജന്മശുദ്ധം = ജനനംമുതല്ക്കേ (പ്രകൃത്യാ) പരിശുദ്ധം. തെക്കടൽവീചികൾ = ഇന്ത്യാസമുദ്രത്തിലെ തിരകൾ. ആർഷഭൂവിന്റെ . . . രാജ്യം—ഹിമാലയത്തിൽനിന്നു തുടങ്ങി കന്യാകുമാരി എത്തുമ്പോഴുള്ള ഭാരതഭൂമിയുടെ ആകൃതിയെ സൂചിപ്പിക്കുന്നു. കേരളം ആർഷഭൂമിയുടെ പൂജ്യപാദമത്രേ. സമുദ്രത്തിന്നുപോലും ആരാധ്യമാകുമാറ് അത്രമേൽ പരിപാവനമാണതു്. പാവനവൃത്ത = പരിശുദ്ധചരിത. പാദസംസേവി

Digitized By Kerala Sahitya Akademi

ക്കൾ = പാദശുശ്രൂഷകർ. അതിനാൽ, കേരളീയരാണ് യഥാർത്ഥത്തിൽ ആർഷഭൂമിയുടെ പാദശുശ്രൂഷകർ. നാനാവിചാരർ = പലതരം വിചാരത്തോടുകൂടിയവർ. നാനാവിഹാരർ = പലതരം പ്രവൃത്തികളോടുകൂടിയവർ. ഏകാംബാപുത്രർ = ഒരേ അമ്മയുടെ മക്കൾ. നാനാവിചാരരായ്..... കേരളീയർ—ഉപജീവനത്തിനായി നാടുവിട്ടുപോയി അന്യരാജ്യങ്ങളിൽപ്പാർത്താലും ശരി, കേരളീയരെല്ലാംതന്നെ ഒരേ അമ്മയുടെ സന്താനങ്ങളാണെന്നോർക്കുക. നീരിൽത്താർമാത് = ലക്ഷ്മീഭഗവതി. കേരങ്ങൾ = തെങ്ങുകൾ. നീരിൽ. .മൃത്ശഖിപ്പു = കേരളീയർ വിദേശങ്ങളിൽപ്പോയി വസിച്ചാലും, ലക്ഷ്മീദേവിയുടെ പീലിക്കുടകളായ തെങ്ങിൻപട്ടകളെ ഇളക്കിക്കൊണ്ടു പേരാറി(ഭാരതപ്പുഴയി)ലും പെരിയാററി(ആലുവാപ്പുഴയി)ലും പമ്പയിലും പാറിക്കളിക്കുന്ന കുളിർകാററിനെത്തന്നെയാണ്, അവർ ശ്വസിക്കുന്നത്. കേരളജാതർ = കേരളത്തിൽ ജനിച്ചവർ. കേരള...വാഴ്വു—എന്തുകൊണ്ടെന്നു പറയുന്നു. വളരെ വളരെ ദൂരത്തു ചെന്നു വീഴുന്ന സമയത്തും, സൂര്യരശ്മികൾ സൂര്യമണ്ഡലത്തിൽത്തന്നെയാണല്ലോ നിലകൊള്ളുന്നത്. ഭാഗ്യസമൃദ്ധി = സുഖസാധനസമൃദ്ധി. ദേശാന്തര...താൻ—മററു നാടുകളിലെ സുഖസാധനസമൃദ്ധി കണ്ട്, അവ സ്വർഗ്ഗലോകത്തിനു തുല്യമാണെന്നു തോന്നുമായിരിക്കാം; പക്ഷേ, അത്തരം സൗഭാഗ്യഭോഗംകൊണ്ടു നമുക്കു നാം പിറന്ന നാടിനെ വിസ്മരിക്കാവതല്ല—നമ്മുടെ അമ്മയുടെ—കേരളത്തിന്റെ—മുഖത്തുതന്നെയാണ് നമ്മുടെ നോട്ടം. 'ശ്രീകേരളം' എന്നതു ബഹുമാനസൂചകം. പ്രാപ്യം = ചെന്നെത്തേണ്ടുമിടം. സ്വാത്മവിചിന്തനതന്തുക്കൾ = സ്വന്തം കാര്യത്തെ (സ്വന്തം നാടിന്റെ കാര്യത്തെ) ച്ചൊല്ലിയുള്ള വിചാരങ്ങളാകുന്ന നൂലുകൾ. ലോകം മുഴുവൻതന്നെ പ്രാപ്യത്തെ—ചാരി

Digitized By Kerala Sahitya Akademi

പൂൎണ്ണമായ സ്വാതന്ത്ര്യത്തെ—പ്രാപിക്കാൻ പാടുകയല്ല, പറക്കുകയാണ് ചെയ്യുന്നത്; ഇതോടൊപ്പം നാമും നമ്മുടെ സ്വാൎത്ഥവിചിന്തനതന്തുക്കളെ—നമ്മുടെ നാട്ടിന്റെ സ്വാതന്ത്ര്യത്തിന്നും, സർവ്വതോമുഖമായ അഭ്യുന്നതിക്കും വേണ്ടിയുള്ള പരിശ്രമങ്ങളെ—കൂട്ടിയിണക്കാത്ത പക്ഷം—ലോകത്തിലെ സ്വാതന്ത്ര്യസമരങ്ങളോടൊപ്പം നമ്മുടെ സ്വാതന്ത്ര്യസമരത്തെയും കൂട്ടിച്ചേർക്കാത്ത പക്ഷം, നമ്മുടെ നാട് അഭിവൃദ്ധിയുടെ അനന്തവിഹായസ്സിലേക്കു ചാരിതപ്രയാണം ചെയ്യുന്ന പക്ഷികളുടെ—മററു രാജ്യങ്ങളുടെ—പിന്നിൽ കേവലം പുഴുവായിത്തീരും! പാടുകയല്ല, പറക്കുകയാണല്ലോ പ്ലിനാളുകൊണ്ട്, ഇതരരാജ്യങ്ങളിലുള്ള സർവ്വാതിശായിയായ ശാസ്ത്രാഭിവൃദ്ധിയെ സൂചിപ്പിച്ചിരിക്കുന്നു.

— ജി. ശ. സി.

കാത്തിരിക്കുക!

## ഞങ്ങളുടെ

# അടുത്ത പ്രസിദ്ധീകരണം

**മാക്സിം ഗോർക്കി** ലെനിനെപ്പററി എഴുതിയ സ്മരണകൾ. ഗോർക്കിയുടെ പുസ്തകങ്ങളിൽ മലയാളത്തിലേക്കു് തർജ്ജമചെയ്തു് പ്രസിദ്ധപ്പെടുത്തപ്പെടുന്ന ആദ്യത്തെ പുസ്തകമാണിതു്.

# ലെനിൻെറ കൂടെ

നിങ്ങൾക്കു് നല്ല പുസ്തകങ്ങൾ വായിക്കണമെങ്കിൽ കോഴിക്കോട്ടു് കോട്ട്റോഡിൽ ഞങ്ങൾ നടത്തുന്ന

## പീപ്പിൾസ് ബുക്ക്സ്റ്റാളിൽ

അന്വേഷിക്കുക.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള എല്ലാ നവീന പ്രസിദ്ധീകരണങ്ങളും മാസികാപത്രഗ്രന്ഥങ്ങളും ഞങ്ങൾ വരുത്തി വില്ക്കുന്നുണ്ടു്. മോസ്കോവിലും ലണ്ടനിലും ബോംബയിലും പ്രസിദ്ധപ്പെടുത്തുന്ന എല്ലാ നല്ല പുസ്തകങ്ങളും വില്പനയ്ക്കു തയ്യാർ.

**പി. സി. ബ്രദേഴ്സ്.**


Digitized By Kerala Sahitya Akademi